പഞ്ചരാത്രം

വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി

വിവർത്തകൻ :

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പഞ്ചരാത്രം

വള്ളത്തോൾ ഗ്രന്ഥാലയം

ചെറുതുരുത്തി

വിവർത്തകൻ :

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പഞ്ചരാത്രം

വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി

വിവർത്തകൻ :

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Pancharathram
Vallathol
7-ാം പതിപ്പ്
കോപ്പി 2500
വില: 12—00
പകർപ്പവകാശം:
സി. ഗോവിന്ദക്കുറുപ്പിന്ന്
പ്രസാധകൻമാർ:
വള്ളത്തോൾ ഗ്രന്ഥാലയം
ചെറുതുരുത്തി.
1995 ജൂൺ
അച്ചടി:
സഹകരണ പ്രസ്സ്,
ചെറുതുരുത്തി.

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിൻെറ

മുഖവുര

പ്രഭാതത്തിന്നു മുമ്പിൽ ഇരുട്ട്, പുഞ്ചിരിയ്ക്കു മുമ്പിൽ മുഖം കറുക്കൽ—ഇതു പ്രകൃതിനിയമമാണ്; അതുപോലെ, കാളിദാസന്നുപോലും ഉപജീവ്യനായ ഭാസമഹാകവി ഉണ്ടാക്കിയതും ഇന്നത്തെ കേരളകവിസമ്രാട്ടിനാൽ വിവർത്തനം ചെയ്യപ്പെട്ടതുമായ ഈ വിശിഷ്ടകൃതിയ്ക്കു മുമ്പിലും എൻെറ ചില ജല്പനം കാണപ്പെടുന്നതിൽ വായനക്കർ സമാധാനിയ്ക്കട്ടെ.

ഈ പഞ്ചരാത്രം മലയാളത്തിലെ രൂപകങ്ങൾക്കിടയിൽ ഒരു പുതിയ പ്രസ്ഥാനത്തെയാണ് കാണിയ്ക്കുന്നത്. ഇതിന്നു നാടകം എന്ന പേർ നാട്യകാവ്യം എന്നർത്ഥത്തിൽ മാത്രമേ യോജിയ്ക്കു; സാഹിത്യകാരന്മാർ ഇതിന്നു 'സമവകാര'മെന്നാണ് പേർ കല്പിയ്ക്കുക: പ്രഖ്യാതമായ ഇതിവൃത്തം, ദേവാസുരവർഗ്ഗത്തിൽപ്പെട്ട പന്തിരണ്ട് ഉദാത്തനായകന്മാർ, മുറയ്ക്കു ചെറുതുചെറുതായ മൂന്നങ്കങ്ങൾ, വീരരസത്തിന്നു പ്രാധാന്യം—ഇങ്ങിനെയൊക്കെയാണ്, സമവകാരം എന്ന രൂപകത്തിൻെറ ലക്ഷണം. ഇതിൽ മിക്കതും പഞ്ചരാത്രത്തിന്നുണ്ട്: ഇതിലെ പാത്രങ്ങളിൽ ഭീഷ്മയുധിഷ്ഠിരാദികൾ പൌരാണികദൃഷ്ട്യാ ദേവവർഗ്ഗത്തിലും, ദുര്യോധനശകുനിപ്രഭൃതികൾ അസുരവർഗ്ഗത്തിലും പെട്ടവരാണല്ലോ.

Digitized By Kerala Sahitya Akademi

പഞ്ചരാത്രം ഒരു പ്രൌഢഗ്രന്ഥമാണ്. ഇത്തരം വ്യംഗ്യപ്രധാനങ്ങളായ കാവ്യങ്ങളുടെ സ്വാരസ്യം പ്രകാശിപ്പിപ്പാൻ സവിസ്തരമായ വ്യാഖ്യാനം തന്നെ വേണം; എൻെറ ഈ ചെറുടിപ്പണി എന്നെപ്പോലുള്ള അവ്യുൽപന്നന്മാക്ക് അല്പം ഉപകരിച്ചാലായി എന്നേ ഉള്ളൂ.

ഈ തർജ്ജമ എഴുതിക്കഴിഞ്ഞിട്ട് അഞ്ചാറുകൊല്ലമായി. ആയിടയിൽ മറെറാരു തർജ്ജമ പുറത്തുവന്നതുകൊണ്ടു നമ്മുടെ വിവർത്തകൻ ഇതിൻെറ പ്രസിദ്ധീകരണത്തിൽ അത്ര ശ്രദ്ധിച്ചില്ല. ഇപ്പോൾ കൊച്ചിഭാഷാപരിഷ്കരണക്കമ്മററിയുടെ ദൃഷ്ടി ഈ അനശ്വരത്നത്തിൽ പതിഞ്ഞതിനാലാണ്, ഇതിൻെറ കിരണകന്ദളങ്ങൾ നീളെ പ്രസരിപ്പാനിടയായത്. കമ്മററിയുടെ ഉചിതജ്ഞതയ്ക്കു നാം നന്ദി പറയുക!

അണ്ടത്തോട്,
15 ചിങ്ങം, 98.

പ്രകാശകൻ

Digitized By Kerala Sahitya Akademi

പഞ്ചരാത്രം.

സമവകാരം.

ഒന്നാമങ്കം.

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ:—

ദ്രോണൻ, യുധിഷ്ഠിര,നിഹരാർജ്ജുനഭീമദൂതൻ,
ദുര്യോധനൻ, ശകുനിനായകകർണ്ണധാരൻ,
രക്ഷിച്ചിടട്ടെ വഴിപോലഭിമന്യു, ഭീഷ്മ-
നാ ശ്രീവിരാട്പുരുഷനുത്തരകർമ്മശീലൻ. 1

(ചുററിനടന്നിട്ട്) ഇപ്രകാരം ആര്യമിശ്രന്മാരോടറിയിക്കട്ടെ. എയ്, എന്താണ്, ഞാൻ അറിയിക്കുവാൻ ഭാവിച്ചപ്പോൾ, ഒരു ശബ്ദം കേൾക്കുന്നതുപോലെ തോന്നുന്നത്? ആകട്ടെ, നോക്കാം.

---

1. ദ്രോണൻ=കാക്കപോലെ കറുത്തവൻ. യുധിഷ്ഠിരൻ=യുദ്ധത്തിൽ സ്ഥിരൻ. അർജ്ജു.........ദൂതൻ=അർജ്ജുനഭീമന്മാർക്കായി ദൗത്യം നടത്തിയവൻ. ദുര്യോധനൻ=ദുഷ്കരമായ യുദ്ധം ചെയ്യുന്നവൻ. ശകുനി.......ധാരൻ=ഗരുഡന്റെ കപ്പിത്താൻ (ഗരുഡനാകുന്ന കപ്പലിനെ ആകാശത്തിൽ നടത്തുന്നവൻ; ഗരുഡവാഹനൻ എന്നർത്ഥം) അഭിമന്യു=യജ്ഞോന്മുഖൻ. ഭീഷ്മൻ=ദുർജ്ജനഭയങ്കരൻ. വിരാട്പുരുഷൻ=ആദിപുരുഷൻ. ഉത്ത.........ശീലൻ=പ്രശസ്തകർമ്മങ്ങൾ ചെയ്യുന്നവൻ. ഇതിൽ മുദ്രാലങ്കാരമാർഗ്ഗേണ കഥാപാത്രങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

(അണിയറയിൽ)

അമ്പോ, കുരുരാജാവിൻെറ യജ്ഞസമൃദ്ധി!

സൂത്രധാരൻ:—ശരി, മനസ്സിലായി.

അരചന്മാരഖിലാന്തഃ-
പുരമൊട്ടുമൊന്നിച്ചു വന്നുചേൎന്നു മുദാ,
കുരുപതി ദുര്യോധനനുടെ
തിരുയജ്ഞമിതാ, നടക്കുന്നു. 2

(പോയി)

സ്ഥാപന.

(അനന്തരം മൂന്നു ബ്രാഹ്മണർ പ്രവേശിക്കുന്നു)

എല്ലാവരും:—അമ്പോ, കുരുരാജാവിൻെറ യജ്ഞസമൃദ്ധി!

ഒന്നാമൻ:—ഇവിടെയാകട്ടേ,

കാശം പൂത്തവ പോലെയായ് ദിശകൾ വി-
പ്രോച്ഛിഷ്ടമാം ചോറിനാൽ;
ഹോമത്തിൻപുകയാൽപ്പുരക്കെയൊഴിവായ്
വൃക്ഷങ്ങൾതൻ പൂമണം;
മാന്തട്ടായി പുലിവ്രജം; മലകളിൽ
സിംഹങ്ങളും ശാന്തരായ്;
മന്നൻ ദീക്ഷ വഹിച്ചപോതുലകമി-
ങ്ങൊന്നിച്ചു ദീക്ഷിച്ചിതോ! 3

---

3. ദീക്ഷ=യജ്ഞവ്രതം.

Digitized By Kerala Sahitya Akademi

രണ്ടാമൻ:—ഭവാൻ പറഞ്ഞതു ശരിയാണ്.

ഹവ്യത്താൽപ്പരിതൃപ്തനഗ്നിസുരർതൻ
വക്ത്രം; ദ്വിജശ്രേഷ്ഠരോ
ദ്രവ്യത്താൽ; പ്പശുപക്ഷിമാനുഷരുമി-
ന്നൊട്ടുക്ക സംതൃപ്തരായ്;
ഇവ്വണ്ണം നൃപനന്ദനീളെ രസമായ്-
ഘോഷിക്കുമിപ്പാരിടം
ദിവ്യന്മാരുടെ ലോകമൊക്കെയതിലം-
ഘിച്ചു ഗുണശ്രേണിയാൽ. 4

മൂന്നാമൻ:—ഇതാ; പൂജ്യന്മാരായ ബ്രാഹ്മണർ,

കാൽത്താരിൽ ക്ഷിതിപാലർതൻ മൂർദ്ധതല-
പ്പാവേശിയോരെ,ത്രയും
ശാസ്ത്രാഭിജ്ഞർ, വയോധികസ്ഥിതിയിലും
സ്വാദ്ധ്യായബദ്ധവ്രതർ,
വാർദ്ധക്യത്തിലിയന്ന മെയ്യയവൊട്ടും,
ശിഷ്യൻെറ തോളത്തു കൈ
ചേർത്തഗ്ര്യദ്വിജവൃദ്ധർ പോലെ, വടിയും
കുത്തിഗ്ഗമിക്കുന്നിതേ. 5

എല്ലാവരും:—ഉണ്ണികളേ, ഉണ്ണികളേ, * അവഭൃഥസ്നാനം കഴിയുന്നതിനു മുമ്പേ നിങ്ങൾ തീ കൊളുത്തിക്കളയരുതേ!

---

4. അഗ്നിമുഖം വൈ ദേവാഃ എന്നു വേദം.

5. സ്വാധ്യം......തർ=വേദാധ്യയനനിഷ്ഠയോടുകൂടിയവർ.

* യജ്ഞാവസാനത്തിലുള്ള സ്നാനം. യാഗം കഴിഞ്ഞാൽ യാഗശാല തീവെച്ചു നശിപ്പിക്കാറുണ്ട്.

Digitized By Kerala Sahitya Akademi

ഒന്നാമൻ:—അയ്യോ, ബാലചാപലം കാണിച്ചുകഴിഞ്ഞു!
കത്തും യൂപം ലസിപ്പൂ ക്ഷിതിയുടെ കനക-
ക്കയ്യു പോലിങ്ങ;-ട്ടപ്പീ-
പ്പീലാ ചൈത്യാഗ്നി ലോകാഗ്നിയെ, വൃഷലകനെ
ക്ഷോണിദേവൻ കണക്കേ;
വേകുന്നീലേറെ വേദിപ്പുറ,മിഹ ചുഴലെ-
പ്പച്ചയാം ദർഭമൂലം;
പ്രാഗ്വംശത്തിൽക്കടപ്പൂ പുകയിതു നളിന-
പ്പൊയ്കയിൽക്കുംഭിപോലെ. 6

രണ്ടാമൻ:—ശരിതന്നെ,
അഗ്നിയെ,യഗ്നിഭയത്താ-
ലുഴറി,യിതാ, വിപ്രർ കൊണ്ടുപോരുന്നു,
ദോഷപ്പെട്ട കലത്തിൽ
ജ്ഞാതിഭയാൽ ജ്ഞാതിയെപ്പോലെ. 7

മൂന്നാമൻ:—ഇതാ, നിങ്ങൾ മറ്റൊന്നു നോക്കുവിൻ:
നെയ്യിൻവണ്ടി ദഹിയ്ക്കുന്നു
വെള്ളം കോരിയൊഴിയ്ക്കിലും,
ബാലസ്നേഹവശാൽക്കട്ടി-
പ്പോയോരബല പോലവേ. 8

---

6. യൂപം=യജ്ഞസ്തംഭം. ചൈത്യം=യജ്ഞസ്ഥാനം. ലോകാഗ്നി=സാധാരണത്തിയ്യ്. വൃഷലകൻ=ശൂദ്രൻ. പ്രാഗ്വംശം=ഹോമഗൃഹത്തിന്നു കിഴക്കായി യജ്വാക്കൾക്കും മററുമിരിപ്പാനുള്ള ഗൃഹം.

7. അഗ്നിയെ=ചൈത്യാഗ്നിയെ. അഗ്നിഭയത്താൽ—ലോകാഗ്നി സ്പർശിയ്ക്കാതിരിപ്പാൻ എന്നർത്ഥം. ജ്ഞാതി=ദായാദി.

8. ഒരമ്മ, എങ്ങിനെയെല്ലാമാശ്വസിപ്പിയ്ക്കപ്പെട്ടാലും, പുത്രദുഃഖത്താൽ സന്തപിയ്ക്കുന്നതുപോലെ എന്നർത്ഥം.

Digitized By Kerala Sahitya Akademi

ഒന്നാമൻ:—അങ്ങു പറഞ്ഞതു ശരിയാണ്:

പച്ചപ്പുല്ലിലൊതുങ്ങിനിന്ന കുരുതായ്-
ശ്ശോഷിച്ചിടും ഒട്ടേ-
ന്നിച്ചക്രേശപരധർമ്മവണ്ടിയെയെരി-
പ്പാനുദ്യതൻ പാവകൻ,
കാറേററിട്ടു പടൻകത്തിയഥ ത-
ച്ചക്രത്തിലെത്തി ക്രമാൽ-
ച്ചുററിന്മേലൊരു മണ്ഡലാകൃതിയിലായ്
നേടുന്നു സൂൎയ്യാഭയെ. 9

രണ്ടാമൻ:—ഇതാ മറെറാന്നു നോക്കു:

പുററിങ്കൽ നിന്നഗ്നിഭയത്തൊടൊത്തു
പാമ്പൊന്നു, രത്നങ്ങളിലൂടെയൊപ്പം
പുറത്തിറങ്ങുന്നു, മൃതന്റെ മെയ്യിൽ-
നിന്നൊപ്പമഞ്ചിന്ദ്രിയമെന്ന പോലെ. 10

മൂന്നാമൻ:—ഇതാ, നിങ്ങൾ മറെറാന്നു നോക്കുവിൻ:

മരത്തിനോടൊത്തിളകും മഹാഗ്നി
മരത്തിനെക്കത്തിയെരിച്ചിടുമ്പോൾ,
പ്രാണങ്ങൾ പോലാശു പറന്നുപോയി,
പൊത്താകമുൾമെയ്യിലെഴും ഖഗങ്ങൾ. 11

ഒന്നാമൻ:—ശരിതന്നെ:

ഒരുണക്കമരത്താൽ, പ്പൂ
മരങ്ങൾ നിറയും വനം,

---

9 ചക്രേശപരൻ=രാജാവ്. ധൎമ്മവണ്ടി=ധൎമ്മശകടം. മണ്ഡലാകൃതി=വട്ടമൊത്ത വടിവ്. സൂൎയ്യാഭയെ നേടുന്നു=സൂൎയ്യനെപ്പോലെ ആയിത്തീരുന്നു.

നിലകെട്ടുള്ളൊരുവനാൽ-
ക്കുലം പോലെരിയുന്നിതേ. 12

രണ്ടാമൻ:—

മഖദഹനനിൽദ്ദഹിയ്ക്കും
മുളകളിതാ, കാററു തട്ടിയിളകുകയാൽ
ഉയരുന്നു, താഴുന്നു,
നരരുടെ ഭാഗ്യങ്ങളെപ്പോലെ. 13

മൂന്നാമൻ:—അങ്ങു പറഞ്ഞതു ശരിയാണ്:

വേകുന്നു തടിമേൽശ്ലിഷ്ട-
വല്ലി ചുററിയൊരീ മരം
ദുഷ്ടലച്ഛായയിൽശ്ശിഷ്ടൻ
സ്ത്രീദോഷാലെന്ന പോലവേ. 14

ഒന്നാമൻ:—

ലതാനികുഞ്ജം ചെടിപ്പൊന്തയൊത്തീ-
ക്കാടാകമാഹാരമശിച്ചു പാരം,
ഹുതാശനൻ കൈ കഴുകുന്നതിന്നോ
സരിത്തിലിട്ടക് പിടിച്ചിറങ്ങി! 15

രണ്ടാമൻ:—ഇതാ, ഇതാ,

നീളമുള്ള കശവല്ക്കലംവഴി മരത്തിൽ-
നിന്നു മരമാന്നു തീ;-
നാളമേററുടനരിഞ്ഞുവീഴ്പിതു പഴുത്ത-
പോലെ കദളീഫലം;

---

13. മഖദഹനൻ=യാഗാഗ്നി.

14. ശിഷ്ടൻ=നല്ലവൻ.

15. പൊന്ത=ചെറുവള്ളിക്കെട്ട്. മൊന്ത എന്നു ചിലർ. സരിത്ത്=നദി. ഇട്ടക്—നദീതീരത്തിൽ നില്ക്കുന്നത്.

Digitized By Kerala Sahitya Akademi

ചോടെരിഞ്ഞു സുചിരാൽ വീഴുന്നു, തനതഗ്ര-
സീമ്നി വലുതായ തേൻ-
കൂടെഴുന്നൊരു കരിമ്പനത്തരു, മഹേശ്വ-
രന്റെ മഴു പോലവേ. 16

മൂന്നാമൻ:—ഹാ! സജ്ജനത്തിന്റെ കോപംപോലെ, അഗ്നിഭഗവാൻ കത്തിയടങ്ങി.

ഇതാ, കഴിഞ്ഞു വിറകെന്നമൂലം
ഹുതാശനന്നേററു ബലപ്രണാശം,
ഉദാരശീലന്നു ധനാത്യയത്താൽ
പ്രദാനശക്തിക്ഷയമെന്ന പോലേ. 17
ഹുതാശൻ, സ്രുക്കരണിപു-
ല്ലിവയെത്തിന്നുതീർക്കയായ്:
ധൃത്താൽ സ്വത്തററവൻ വീട്ടു-
സാമാനത്തെക്കണക്കിനെ. 18

രണ്ടാമൻ:—

ചാഞ്ഞുള്ള കൊമ്പൊട്ടു നദിയ്ക്കരികത്തു നില്ക്കു-
മീ പ്ലാശു കാററിലുലയുന്നിലയായ കയ്യാൽ,

---

16. കശവല്ക്കലം=ദർഭകളും മരവുരികളും. നാളം=തീജ്വാല. അഗ്രസീമ്നി=മുകളിൽ.

17. ഉദാരശീലൻ=ദാനശീലൻ. ധനാത്യയം=മുതൽനാശം.

18. സ്രുക്ക്=ഹോമപാത്രം. അരണി=തീ കടഞ്ഞുണ്ടാക്കുന്ന മരം. പുല്ല്=ദർഭ. ധൃത്ത്=ചമതകളി മുതലായത്. തിന്നുതീർക്കുക എന്നതിനു ഉപമാപക്ഷത്തിൽ വിറ്റുതിന്നുക എന്നർത്ഥം.

Digitized By Kerala Sahitya Akademi

ദാവാഗ്നിയേററവതിപെട്ട മഹീരുഹങ്ങൾ-
ക്കീവണ്ണമിപ്പൊഴുദകക്രിയ ചെയ്കയാണോ! 19

മൂന്നാമൻ:—എന്നാൽ വരൂ; നമുക്കും ആചമനം കഴിയ്ക്കാം.

രണ്ടുപേരും:—അങ്ങിനെതന്നെ.

(എല്ലാവരും ആചമനം കഴിച്ചിട്ട്)

ഒന്നാമൻ:—എയ്, ഇതാ, അത്രഭവാൻ കുരുരാജാവു ദുര്യോധനൻ, ഭീഷ്മദ്രോണന്മാർ മുമ്പിലും രാജാക്കന്മാരൊക്കെ പിന്നിലുമായി, ഇങ്ങോട്ടെഴുന്നള്ളുന്നു. ഇതാ,

'യജ്ഞങ്ങൾ ചെയ്തി,ളയെ വെല്ലുക വിക്രമത്താൽ,-
ക്കോപം ത്യജിയ്ക്ക, ദയ ചെയ്യുക തൻജനത്തിൽ'
എന്നീവിധം പ്രകൃതയോഗ്യമുരച്ചു ഭംഗ്യാ
ചെയ്യുന്ന പൌരരിഹ പാർത്ഥപരിഗ്രഹംതാൻ. 20

അതിനാൽ വരൂ. നമുക്കും കുരുരാജാവിനെ സംഭാവനം ചെയ്യാം.

രണ്ടുപേരും:—അങ്ങിനെതന്നെ.

എല്ലാവരും:—ജയിച്ചാലും, അങ്ങുന്നു ജയിച്ചാലും!

(പോയി)

വിഷ്കംഭം.

---

19. ദാവാഗ്നി=കാട്ടുതീയ്യായിപ്പരിണമിച്ച യജ്ഞാഗ്നി. മഹീരുഹങ്ങൾ=മരങ്ങൾ.

20. ഇള=ഭൂമി. പ്രകൃതയോഗ്യം=പ്രകൃതത്തിനു തക്ക മട്ടിൽ. പാർത്ഥപരിഗ്രഹം (പാണ്ഡവന്മാരെ സ്വീകരിയ്ക്കൽ) ചെയ്യണം എന്നു സൂചിപ്പിച്ചുകൊണ്ട് ആശീർവ്വദിയ്ക്കുന്നു എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിയ്ക്കുന്നു)

ദ്രോണൻ:—ദുര്യോധനൻ ധർമ്മം അനുഷ്ഠിയ്ക്കുന്നതിന്റെ ഗുണം എനിയ്ക്കുതന്നെയാണ്. എന്തുകൊണ്ടെന്നാൽ,

തൻബന്ധുമിത്രങ്ങളെയൊക്കയും വി-
ട്ടാചാര്യനിൽച്ചെൽവതു ശിഷ്യദോഷം:
കിടാവിനെദ്ദേശികനേകിയേച്ചാ-
ലച്ഛന്നുമമ്മയ്ക്കുമൊഴിഞ്ഞു ഭാരം. 21

ഭീഷ്മർ:—ഈ ദുര്യോധനൻ,

ധനാപഹാരാലൊരുയച്ച് നേടി,
വൈരപ്രിയംകൊണ്ടപകീർത്തി ചാർത്തി;
ഇപ്പോളവൻതാനിതുമട്ടു ധർമ്മം
ചെയ്തുല്ലസിയ്ക്കുന്നിതു പുണ്യവാനായ്! 22

(അനന്തരം ദുര്യോധനനും കർണ്ണനും ശകുനിയും പ്രവേശിയ്ക്കുന്നു)

ദുര്യോധനൻ:—

ഇവൻ ശ്രദ്ധാവാനായ്; മയി ഗുരുജനം
പ്രീതഃ-മുലകം
സുവിശ്വസ്തം; നില്പായ് ഗുണഃ-മപയശ
സ്സസ്തമിതമായ്;

21. ദേശികന്=ഗുരുവിങ്കൽ.

22. ധനാപഹാരാൽ= (പാണ്ഡവന്മാരുടെ) സ്വത്തപഹരിച്ചതിനാൽ.

23. ഇവൻ=ഞാൻ. ശ്രദ്ധാവാൻ=സൽകൃത്യശ്രദ്ധയുള്ളവൻ. മയി=എങ്കൽ. സുവിശ്വസ്തം=നന്നായി വിശ്വസിച്ചത്. നില്പായ്; നിലനില്ക്കുന്ന

Digitized By Kerala Sahitya Akademi

മരിച്ചേ വിണ്ണേറൂ മനുജരിതി ഭോ-
ഷ്ക്കോതലിതു;മ-
റ്റൊരേടത്തല്ലാ വിണ്ണു;-ഇു മികവെടൊ-
ക്കന്നിതിഹതാൻ! 23

കർണ്ണൻ:—ഗാന്ധാരീനന്ദന, ഇവിടുന്നു് ന്യായമായി സമ്പാദിച്ച ധനത്തെ ദാനംചെയ്യുന്നതു യുക്തംതന്നെയാണ്. എന്തുകൊണ്ടെന്നാൽ,

അസ്ത്രാധീനം ക്ഷത്രിയന്മാർക്ക നേട്ടം;
പുത്രന്മാക്കായ് കെട്ടിവെച്ചാലബദ്ധം;
വിത്തം സവ്വം വിപ്രരിൽച്ചേത്തു ഭൂപൻ
പുത്രന്മാക്കായ് നല്കണം വില്ലുമാത്രം. 24

ശകുനി:—ശരിയാണ്, ഗംഗാസ്പർശംകൊണ്ടു നിർമ്മലാംഗനായ അംഗരാജാവു പറഞ്ഞതു്.

കർണ്ണൻ:—

ഇക്ഷ്വാകു ശര്യാതി യയാതി രാമൻ
മാന്ധാതൃനാഭാഗനൃഗാംബരീഷർ
സമ്പന്നരീ മന്നർ മരിയ്ക്കിലും, ഹാ,
ജീവിച്ചിരിയ്ക്കുന്നു മഖങ്ങളാലേ! 25

എല്ലാവരും:—ഗാന്ധാരീനന്ദന, ഭാഗ്യംകൊണ്ടു ഭവാൻ യാഗം കഴിഞ്ഞു ശോഭിയ്ക്കുന്നു.

തായി. അപയശസ്സ്=ദുഷ്കീർത്തി. ഇഹതാൻ=ഇവിടെത്തന്നെ (ഈ ലോകത്തിൽത്തന്നെ.)

24. അസ്ത്രാധീനം=അമ്പിന്റെ കീഴിൽ, ക്ഷത്രിയൻ യുദ്ധംചെയ്തു സമ്പാദിയ്ക്കണമെന്നർത്ഥം.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. ആചാര്യ, ഞാൻ വന്ദിയ്ക്കുന്നു.

ദ്രോണർ:—ഉണ്ണി, വരു, വരു. ഇതു ക്രമപ്രകാരമായില്ല.

ദുര്യോധനൻ:—എങ്ങിനെയാണ് ക്രമം?

ദ്രോണർ:—ഭവാൻ കാണുന്നില്ലേ?

നരാവതാരമാന്നോരി-
ദൈവതത്തെ നമിയ്ക്കടോ;
ഭീഷ്മരെപ്പിന്നിലാക്കിട്ടെന്നെ
വന്ദിയ്ക്കുവതയുക്തമാം. 26

ഭീഷ്മർ:—അങ്ങിനെ പറയരുത്. പല സംഗതികൾകൊണ്ടും ഞാൻ അങ്ങയ്ക്കു താഴെയാണ്. എന്തുകൊണ്ടെന്നാൽ,

ഭവാൻ സ്വയംഭൂവി,വനമ്മ പെററവൻ;
മമായുധം വൃത്തി; ഭവാനു മൈത്രിതാൻ;
ദ്വിജൻ ഭവാൻ, ക്ഷത്രിയർ ഞങ്ങൾ; ദേശികൻ
ഭവാനയേ, ഞങ്ങൾ മികച്ച ശിഷ്യർകൾ. 27

ദ്രോണർ:—മഹാത്മാക്കൾ, തങ്ങളെ താഴ്ത്തിയേ പറകയുള്ളുവല്ലോ. ഉണ്ണി, വരു, എന്നെ വന്ദിച്ചുകൊൾക.

ദുര്യോധനൻ:—ആചാര്യ, ഞാൻ വന്ദിയ്ക്കുന്നു.

ദ്രോണർ:—ഉണ്ണി, വരു, വരു, 'ഇപ്രകാരംതന്നെ, * അവഭൃഥസ്നാനങ്ങളിൽ ക്ലേശമനുഭവിച്ചാലും!

---

26. അയുക്തമാം=അനുചിതമാണ്.

27. വൃത്തി=ഉപജീവനം. മൈത്രി=പ്രാണിസ്നേഹം.

* ഇനിയും പല യാഗങ്ങൾ ചെയ്തുതീർത്താലും എന്നാശയം.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. മുത്തച്ഛ, ഞാൻ വന്ദിക്കുന്നു.

ഭീഷ്മർ:—പൌത്ര, വരു, വരു. ഇപ്രകാരംതന്നെ അങ്ങയ്ക്കു ശമമുണ്ടായി വരട്ടെ!

ദുര്യോധനൻ:—ഞാൻ അനുഗ്രഹിക്കപ്പെട്ടു. അമ്മാമ, ഞാൻ വന്ദിക്കുന്നു.

ശകുനി:—ഉണ്ണി,

ഈവിധമേ വരദക്ഷിണ-
മായെല്ലാ യാഗവും കഴിച്ചു ഭവാൻ
വെന്നു, ജരാസന്ധൻ പോ-
ലെത്തിക്കുക നൃപരെ രാജസൂയത്തിൽ! 28

ദ്രോണർ:—(ആത്മഗതം) അമ്പോ, ശകുനിയുടെ ആശീർവ്വാദവും * ഉദ്വേഗജനകമായിരിക്കുന്നു. അല്ലെങ്കിൽ, ഈ ക്ഷത്രിയകുമാരൻ വിരോധപ്രിയനാണല്ലോ.

ദുര്യോധനൻ:—സഖേ, കർണ്ണ, ഗുരുജനവന്ദനാവസാനത്തിൽ ക്രമപ്രകാരം മിത്രവിശ്വാസം അനുഭവിച്ചാലും!

കർണ്ണൻ:—ഗാന്ധാരീനന്ദന,

ക്രതുവ്രതത്താൽക്കൃശമിത്തനുഭാഗം;
സഹിക്കുമൃക്കെട്ടിലമർത്തുപുല്കാം;
ആലോചിയാതല്ല തൊടാത്തതീ ഞാൻ;
രാജർഷിധീരോക്തിവശാൽ ഭയം മേ! 29

---

28. വരദക്ഷിണം=ശ്രേഷ്ഠമായ ദക്ഷിണയോടുകൂടിയത്.

* ഉദ്വേഗജനകം=ദുഃഖാധിക്യത്തെ ഉണ്ടാക്കിത്തീർക്കുന്നത്.

29. രാജർഷിധീരോക്തി=രാജർഷിയ്ക്കൊത്ത ധീരവാക്യം.

Digitized By Kerala Sahitya Akademi

ദുൎയ്യോധനൻ:—ഇങ്ങിനെ തന്നെ തോന്നട്ടെ!

ദ്രോണർ:—ഉണ്ണി, ദുൎയ്യോധന, ഇതാ, ഇന്ദ്രന്റെ പ്രിയസ്നേഹിതനായ ഭീഷ്മകൻ ഭവാനെ ഉപചരിയ്ക്കുന്നു.

ദുൎയ്യോധനൻ:—ആൎയ്യന്നു സ്വാഗതം! ഞാൻ വന്ദിയ്ക്കുന്നു.

ഭീഷ്മർ:—പൌത്ര, ദുൎയ്യോധന, ഇതാ, തെക്കൻദിക്കിന്റെ രക്ഷിതാവായ ഭൂരിശ്രവസ്സു ഭവാനെ ഉപചരിയ്ക്കുന്നു.

ദുൎയ്യോധൻ:—ആൎയ്യന്നു സ്വാഗതം!

ദ്രോണർ:—ഉണ്ണി, ദുൎയ്യോധന, ഭവാന്റെ യജ്ഞം കൊണ്ടാടാനായി ശ്രീകൃഷ്ണൻ അയച്ചിട്ടുള്ള അഭിമന്യു അങ്ങയെ ഉപചരിയ്ക്കുന്നു.

ശകുനി:—ഉണ്ണി, ദുൎയ്യോധന, ഇതാ, ജരാസന്ധപുത്രനായ സഹദേവൻ അങ്ങയെ വന്ദിയ്ക്കുന്നു.

ദുൎയ്യോധനൻ:—വരു, വരു, ഉണ്ണി, അച്ഛനെപ്പോലെ പരാക്രമിയായിബ്ഭവിച്ചാലും!

എല്ലാവരും:—ഇതാ, എല്ലാ രാജാക്കന്മാരും അങ്ങയെ ഉപചരിയ്ക്കുന്നു.

ദുൎയ്യോധനൻ:—ഞാൻ അനുഗ്രഹിയ്ക്കപ്പെട്ടു. എയ്, എല്ലാ രാജാക്കന്മാരും വന്ന കൂട്ടത്തിൽ വിരാടൻ വരാഞ്ഞതെന്താണു്?

ശകുനി:—അദ്ദേഹത്തിനും ഞാൻ ആളെ അയച്ചിരുന്നു. വഴിയ്ക്കു താമസിച്ചുപോയതാണെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—അല്ലയോ ആചാര്യ, ധർമ്മത്തിലും ധനസ്സിലും ആചാര്യദക്ഷിണ സ്വീകരിയ്ക്കുക.

ദ്രോണർ:—ദക്ഷിണയോ! വരട്ടെ, വരട്ടെ! ഞാൻ ഭവാനോട് അപേക്ഷിച്ചുകൊള്ളാം.

ദുര്യോധനൻ:—ആചാര്യനും അപേക്ഷിയ്ക്കുകയോ?

ഭീഷ്മർ:—എന്താണ് പ്രയോജനം?

സേവിച്ചു ബാല്യദശയിങ്കൽ മുറയ്ക്കു സോമം;
വാഴ്‌വു കടത്തണലില;-ണ്ടു തുലോം യശസ്സും;
ഇല്ലായ്മ രാജഗുരുവാകിയ വിപ്രനേതി-
ലാ, വസ്തുവെന്തു? ഫലമെന്തു? മഹത്വമെന്തോ? 30

ദുര്യോധനൻ:—ഭവാൻ കല്പിച്ചാലും! എന്താണിഷ്ടം?

ദ്രോണർ:—ഉണ്ണി, ദുര്യോധന, ഞാൻ പറയാം.

ദുര്യോധനൻ:—എന്താണ് ഇനിയും അങ്ങ് ആലോചിയ്ക്കുന്നതു്?

ഭവാനാൽഞാൻ സംശിക്ഷിതനായിരിനെ-
ക്കാറം പ്രിയനമാ-
ണിവൻ, ശൂരന്മാരിൽ സ്ഥിതിയുടയവൻ,
സാഹസകരൻ;

30 സോമം=സോമം എന്ന യജ്ഞലതയുടെ നീർ. കുടത്തണലിൽ=വെൺകൊറ്റക്കുടയ്ക്കുകീഴിൽ. ഇല്ലായ്മ=ദാരിദ്ര്യം. രാജഗുരുവായ ദ്രോണർക്ക് ഇനിയൊന്നും ലഭിയ്ക്കേണ്ടതായിട്ടില്ലെന്നു സാരം.

31. സംശിക്ഷിതൻ=പഠിപ്പിയ്ക്കപ്പെട്ടവൻ. സാഹസകരൻ=സാഹസം (വിക്രമം) ചെയ്യുന്നവൻ.

Digitized By Kerala Sahitya Akademi

ശരിയ്ക്കെന്തൊന്നിഷ്ടം? പറയുകി,വനെ-
ന്തേകണ?-മെനി-
യ്ക്കിരിയ്ക്കുന്നു കയ്യിൽഗ്ഗദയിതി,വിടെ-
യ്ക്കോ സകലവും! 31

ദ്രോണർ:—ഉണ്ണി, ഞാൻ പറയാം; എനിയ്ക്കു കണ്ണീർകൊണ്ടു തൊണ്ടയിടറുന്നു.

എല്ലാവരും:—ആചാര്യനും കണ്ണീർ വാൎക്കയോ?

ഭീഷ്മർ:— പൌത്ര, ദുര്യോധന, വെറുതെയാണ്, അങ്ങയുടെ ശ്രമം!

ദുര്യോധനൻ:—ആരവിടെ?

ഭടൻ:— (പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

ദുര്യോധനൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയി പ്രവേശിച്ചിട്ട്) മഹാരാജാവു ജയിച്ചാലും! ഇതാ തണ്ണീർ.

ദുര്യോധനൻ:—കൊണ്ടുവരു. (ജലപാത്രം വാങ്ങിയിട്ട്) ആചാര്യ, മുഖം കഴുകുക.

ദ്രോണർ:—വരട്ടെ, എന്റെ കാൎയ്യംചെയ്യൽതന്നെ മുഖക്ഷാളകമായിത്തീരട്ടെ!

ദുര്യോധനൻ:—ഹാ, കഷ്ടം!

മമ മുൻകളവോൎത്തിടുന്നുവെങ്കിൽ,-
ത്തരികില്ലെന്നുമുറച്ചിടുന്നുവെങ്കിൽ,
ശരജാലകഠോരമായ കൈ ത-
ന്നരുളു; വെള്ളമിതാ, പ്രതിഗ്രഹാൎത്ഥം! 32

32. ശരജാലകഠോരം=അസംഖ്യം ശരങ്ങളാൽ ഉപയോഗിച്ചു തഴമ്പിച്ചത്. പ്രതിഗ്രഹാൎത്ഥം=ദാനത്തിന്നായി.

Digitized By Kerala Sahitya Akademi

ദ്രോണർ:—കൊള്ളാം, എനിയ്ക്കു വിശ്വാസമായി. ഉണ്ണി കേൾക്കുക:

ആലംബമില്ലാത്തവർതന്നന്ത-
മറിഞ്ഞതില്ലാണ്ടുകൾ പന്തിരണ്ടാൽ;
അപ്പാണ്ഡവന്മാക്കിഹ പങ്കു നല്ക-
കണ്ടുന്നി;-തേ ദക്ഷിണ, ഭിക്ഷയും മേ. 33

ശകുനി:—(ഉദ്വേഗത്തോടുകൂടി) ഹേ, അരുത്.

ഗുരുവാണെന്ന വിശ്വാസാ-
ലുറച്ചോതിയ ശിഷ്യനിൽ,
യജ്ഞമാം വഴിവെച്ചിട്ടീ-
ധർമ്മ വഞ്ചന യുക്തമോ? 34

ദ്രോണർ:—എന്ത്, ധർമ്മവഞ്ചനയോ? അല്ലയോ ഗാന്ധാര രാജ്യം നേടി ഗർവിയ്ക്കുന്ന ശകുനി, അങ്ങ് അങ്ങയുടെ ദുഷ്ടതകൊണ്ട് എല്ലാ ലോകവും ദുഷ്ടമാണെന്നു വിചാരിയ്ക്കുന്നു. ഹാ കഷ്ടം!

ഭ്രാതാക്കൾക്കു കൊടുക്കുക
പൈതൃകമോടെന്നതാണു വഞ്ചനയെന്നാൽ!
യാചനയാലേകുകയോ
നല്ലത്,വർ ബലമായ് കൈക്കലാക്കുകയോ? 35

---

33. ആലംബം=ആശ്രയം. പങ്ക്=രാജ്യഭാഗം. ഭിക്ഷ=അപേക്ഷിച്ചുവാങ്ങുന്നത്.

34. ധർമ്മവഞ്ചന=ധർമ്മത്തിന്റെ പേരിൽ ചെയ്യുന്ന ചതി.

35. പൈതൃകം=അച്ഛന്റേത്.

Digitized By Kerala Sahitya Akademi

എല്ലാവരും:—എന്തു, ബലാൽക്കാരേണയോ?

ഭീഷ്മർ:—പൌത്ര, ദുര്യോധന, ഇപ്പോഠം, അവഷ്ടംഭസ്ഥാനം മാത്രമാണുള്ളത്. '* മിത്രഭാവത്തിൽ പറയുന്ന ശത്രുവായ ശകുനിയുടെ വാക്കു കേഠംക്കേണ്ടതില്ല. നോക്കു, പൌത്ര,

പൃഥാതനയശ്രുഷിയിൽ-
ദ്രുപദരാജസൽപുത്രിയൊ-
ത്തു,രത്ത വിപിനത്തിലെ-
പ്പൊടിയുമേററു ചുററുന്നതും,
നിനക്കവരിലപ്രിയം,
ത്വയി വെറുപ്പവൎക്കും ചിരാൽ
ജനിച്ചതു—മിതൊക്കവെ
ശകുനിതൻ കൊടുംദുൎമ്മദം! 36

ദുര്യോധനൻ:—ആകട്ടെ; ആചാൎയ്യ, ഞാനൊന്നു ചോദിയ്ക്കുന്നു.

ദ്രോണർ:—ഉണ്ണി, ചോദിച്ചുകൊഠംക.

ദുര്യോധനൻ:—

പാണ്ഡവമാനിച്ചില്ലേ
രാജ്യംവെപ്പിച്ചു സഭയിൽവെച്ചവരെ;
അന്നാളരിശമടക്കിയ-
തെന്തു, ബലാൽക്കാരകുശലരാകമവർ? 37

---

* ശകുനിയോടാലോചിയ്ക്കേണ്ട രാജ്യകാൎയ്യമില്ല എന്നൎത്ഥം.

36. പൃഥാ=കുന്തി. ത്വയി=നിന്നിൽ ചിരാൽ=വളരെക്കാലമായി.

37. ബലാൽക്കാരകുശലർ=ബലം പ്രയോഗിപ്പാൻ ത്രാണിയുള്ളവർ.

Digitized By Kerala Sahitya Akademi

ദ്രോണർ:—ചൂതുകളിയിൽ ധർമ്മവ്യാജത്താൽ വഞ്ചിക്കപ്പെട്ട യുധിഷ്ഠിരനോടാണ് ഇതു ചോദിക്കേണ്ടത്.

അതുപൊഴുതവനല്ലയോ, സഭത്തൂ-
ണളവുകൾ നോക്കിന ഭീമനെത്തടുത്തു;
ഒരുവിധമതിലൊന്നിൽ വിട്ടുവെങ്കിൽ-
ക്കുരുകനി പഴിയ്ക്കുകയില്ല നമ്മെയിപ്പോൾ! 38

ഭീഷ്മർ:—ഒന്നു തുടങ്ങി, മറെറാന്നായിത്തീൎന്നു; ആചാൎയ്യ, ഇതിൽ കാൎയ്യമാണ് പ്രധാനം, കലഹമല്ല.

ദ്രോണർ:—ഇരക്കാൻ കഴിയില്ല. കലഹം തന്നെയാവട്ടെ.

ഭീഷ്മർ:—ആചാൎയ്യൻ പ്രസാദിച്ചാലും! നോക്കു, പൌത്ര,

പാവങ്ങൾ, ദുൎബ്ബലർ, നിരാശ്രയർ, തേടിടുന്നു
നിന്നോടിണക്കമവർ, മേനി നടിപ്പതില്ല;
നീ മിത്രെ; നിങ്കലവർ വത്സലർ. നീ ഗൃഹത്തിൽ-
ക്കൈക്കൊൾകയോ? മൃഗവുമൊത്തവർ വാഴ്‌വതാണോ? 39

ശകുനി:—വാഴട്ടെ, വാഴട്ടെ!

കൎണ്ണൻ:—ആചാൎയ്യ, ക്രുദ്ധിയെടുക്കരുത്. ദുൎയ്യോധനനാകട്ടെ,

---

38. 'സഭ......ക്കിന'=സഭയിലെ തൂണുകളുടെ വലുപ്പം കണ്ണുകൊണ്ടു കണക്കാക്കുന്ന. ഈ തൂണൊ ഈ തൂണൊ ഇവരെ തല്ലിക്കൊല്ലാൻ പറിച്ചെടുക്കട്ടെ' എന്ന് ആലോചിക്കുന്ന എന്നു ഭാവം. ഒന്നിൽ=ഒരു തൂണിനു നേരെ.

39. മിത്രെ—പാലനാധികാരി. മൃഗം=മാനുകൾ (ജാത്യേകവചനം.)

Digitized By Kerala Sahitya Akademi

എന്നും ചേർന്ന ഹിതത്തെയും പരുഷമായ്-
ച്ചൊന്നാൽച്ചൊടിയ്ക്കും; മഹൽ-
സ്ഥാനം പൂണ്ട ജനങ്ങൾതൻ മികവുപ-
ദ്ദാർഥിപ്പതിഷ്ടപ്പെടാ;
ന്നും പോരുമിതൊക്കെ; നേടുക ഭവാൻ
ശിഷ്യന്റെ കാര്യം ശരി-
യ്ക്കാം: നമ്മൊക്കൊപ്പമനർത്ഥവർഷിയെ മയ-
ത്താൽത്താൻ വശത്താക്കണം. 40

ദ്രോണർ:—ഉണ്ണി, കണ്ണ, തേജസ്സേറിയതാണ് ബ്രാഹ്മണ്യം. ഭവാൻ വേണ്ട സമയത്ത് എന്നെ ഓർമ്മപ്പെടുത്തി. ഇതാ, ഞാൻ അങ്ങയുടെ അഭിപ്രായത്തെ അനുവർത്തിയ്ക്കാം. ഉണ്ണി, ദുര്യോധന, ഞാൻ, അങ്ങയുടെ നേതാവല്ലയോ?

ഭീഷ്മർ:—(ആത്മഗതം) ഇദ്ദേഹം ഇപ്പോൾ നേർവഴിയ്ക്കായി. സാമമാണല്ലാ, ദുർവിനീതന്മാർക്ക് ഔഷധം.

ദുര്യോധനൻ:—എനിയ്ക്കുമാത്രമല്ല, എന്റെ വംശത്തിന്നും സ്വാമിയാണ് ഇവിടുന്ന്.

ദ്രോണർ:—ഇതു ഭവാനു യുക്തം തന്നെ. അതിനാൽ, ഉണ്ണി,

വഞ്ചിച്ചു നിന്നെയിവനെങ്കിൽ നിനക്കു തെററി
ല്ല; ല്ലൽപ്പെട്ടതുകിലതും തവ ലാഭമത്രേ;

40. മഹൽസ്ഥാനം പൂണ്ടമഹാന്മാരായ. അനർത്ഥവർഷിയെ-ഇടഞ്ഞാൽ അനേകം ആപത്തുകളുണ്ടാക്കുന്നവനെ,

സദ്വംശ്യർതമ്മുടെ പരസ്പരമത്സരങ്ങൾ
ധർമ്മാധികാരവചനത്തിൽ നികഷമല്ലോ. 41

ദുര്യോധനൻ:—എന്നാൽ ഞാൻ ആലോചിയ്ക്കട്ടെ.

ദ്രോണർ:— ഉണ്ണി, ആരോടുകൂടിയാണ് ആലോചിയ്ക്കുന്നത്?

ഭീഷ്മരോടോ? കർണ്ണനോടോ?
കൃപരോടോ? വത്സ, സിന്ധുരാജനോടോ?
ദ്രൗണിയോടോ? വിദുരരോടോ?
പറകാരോട, ഭ്രാതാക്കന്മാരോടോ? 42

ദുര്യോധനൻ:—അല്ലല്ലാ, അമ്മാമനോട്.

ദ്രോണർ:—ശകുനിയോടോ? (ആത്മഗതം) കാര്യമൊക്കെത്തകരാറിലായി!

ദുര്യോധനൻ:—അമ്മാമ, ഇവിടുത്തോളം. സഖേ, കർണ്ണ, ഇവിടുത്തോളം.

ദ്രോണർ:—(ആത്മഗതം) ആട്ടെ, ഇങ്ങിനെ ചെയ്യാം. (പ്രകാശം) ഉണ്ണി, ഗാന്ധാരരാജ, ഇവിടുത്തോളം.

ശകുനി:—ഞാൻ ഇതാ.

ദ്രോണർ:—ഉണ്ണി,

ശുശ്രൂഷകൂടും വയസ്സായാൽ;
ക്ഷന്തവ്യം വിപ്രചാപലം;
ഏവം കയർത്തോതിയതി-
ന്നാശ്ലേഷംതാൻ പ്രതിക്രിയ! 43

41. സദ്വംശ്യർതങ്ങടെ=കുലീനന്മാരുടെ. ധർമ്മാധികാരവചനം=ധർമ്മോപദേഷ്ടാക്കളുടെ അനുശാസനം.

42. സിന്ധുരാജൻ=ജയദ്രഥൻ. ദ്രൗണി=അശ്വത്ഥാമാവ്.

43. ആശ്ലേഷം=ആലിംഗനം.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—(ആത്മഗതം)

ഗുരുനാഥനിതാ, ശിഷ്യ-
സ്നേഹത്താൽശ്ശകുനിയോടിരക്കുന്നു;
ഇങ്ങിനെ സാന്ത്വം ചൊല്ലീട്ടു-
മിയ്യാൾ വെടിയുന്നതില്ല കുടിലതയെ. 44

ശകുനി:—(ആത്മഗതം) അമ്പോ, സൂത്രക്കാരനായ ആചാര്യ്യൻ തൻകാര്യ്യത്തിന്നായി എന്റെ അടുക്കൽ സേവകൂടുകയാണ്.

(എല്ലാവരും ചുററിനടന്ന് ഇരിക്കുന്നു.)

ദുര്യ്യോധനൻ:—അമ്മാമ, പാണ്ഡവന്മാരുടെ പാതിരാജ്യത്തെപ്പററി എന്താണ്, തീർച്ച?

ശകുനി:—കൊടുത്തുകൂടാ എന്നാണ്, എന്റെ തീർച്ച.

ദുര്യ്യോധനൻ:—കൊടുക്കാമെന്നു പറയണം, അമ്മാമൻ.

ശകുനി:—രാജ്യം കൊടുത്തേ കഴിയൂ എങ്കിൽ, എന്തിന്നാണ്, ഞങ്ങളോടാലോചിയ്ക്കുന്നത്?

ഒക്കെ കൊടുത്തേയ്ക്കു!

ദുര്യ്യോധനൻ:—സഖേ, കർണ്ണ, അങ്ങെന്തു പറയുന്നു?

കർണ്ണൻ:—ഞാനിപ്പോഴും എന്തു പറയാനാണ്?

രാമൻ ശപിയ്ക്കുമളവിച്ചു ഭരിച്ചുപോന്ന
സൌഭ്രാത്രലക്ഷ്മിയെ മറുത്തുരചെയ്തിടാ ഞാൻ;
അങ്ങേ, ഹിതാഹിതവിചാരണയിൽ പ്രമാണം;
സംഗ്രാമവേളകളിലുററ തുണയ്ക്കു ഞങ്ങൾ! 45

44. സാന്ത്വം=അനുനയം.

45. രാമൻ=ദാശരഥി. സൌഭ്രാത്രലക്ഷ്മി=സഹോദരസ്നേഹസമ്പത്ത്. സംഗ്രാമവേളകൾ=യുദ്ധാവസരങ്ങൾ.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—മാതുല, ബലവാന്മാരായ ശത്രുക്കളുള്ളതും ഇരുന്നു പൊറുപ്പാൻ കൊള്ളാത്തതുമായ് ഒരു പ്രദേശം ആലോചിയ്ക്കൂ; അവിടെ പാർത്തുകൊള്ളട്ടെ, പാണ്ഡവന്മാർ!

ശകുനി:—അയ്യോ, കഷ്ടം,

ഇല്ലെന്നേ പറയാം;-മേവൻ
പാർത്ഥനെക്കാൾ ബലോത്തരൻ?
ധർമ്മജൻ വാഴുകിൽ, സസ്യ-
മുളവാമുവർമണ്ണിലും! 46

ദുര്യോധനൻ:—എന്നാലിപ്പോൾ,

ഗുരുവിനുടെ കരത്തിൽ-
ത്തോയമേകീലയോ ഞാ-
ൻ;-ഇ മഹിയിലിതല്ലോ
മുഖ്യമായ് വൃദ്ധർ ചൊല്‌വൂ;
പരമിതു ചതിയോ, ദു-
ർന്നീതിയോ, ഏതുമാട്ടേ:
ഗുരു, ജലമതു പാഴാ-
ക്കായ്വതിന്നോർത്തിടുന്നേൻ. 47

ശകുനി:—അങ്ങയുടെ വാക്ക് അസത്യമാകാഞ്ഞാൽ പോരെ?

---

46. ബലോത്തരൻ=ബലത്തിൽ മികച്ചവൻ.
47. തോയം=ജലം. ദുർന്നീതി=അപനയം.

Digitized By Kerala Sahitya Akademi

ദുര്യോധനൻ:—മതി.

ശകുനി:—എന്നാൽ ഇങ്ങോട്ടു വരു: (അടുത്തു ചെന്നിട്ടു) അല്ലേ, ആചാര്യ, ഇതാ, അത്രഭവാൻ കുരുരാജാവു അങ്ങയോടറിയിയ്ക്കുന്നു.

ദ്രോണർ: വത്സ, ഗാന്ധാരരാജ, പറയു.

ശകുനി:— * പഞ്ചരാത്രംകൊണ്ടു പാണ്ഡവന്മാരുടെ വര്‍ത്തമാനം വരുത്താമെങ്കിൽ, പകുതി രാജ്യം കൊടുക്കാമത്രേ; ഇവിടുന്നു വരുത്തിക്കൊൾക.

ദ്രോണർ:—ഹാ, വേണ്ട:

കള്ളപ്പണിയ്ക്കുന്നിയ നിങ്ങൾ പന്തിര-
ണ്ടാണ്ടാലെ കാണാത്തവരായ കൂട്ടരെ
എത്തിയ്ക്കണം പോലിഹ വഞ്ചുകൊണ്ടു ഞാൻ:
ഭേദം തരില്ലെന്നു തുറന്നു ചൊല്ലുതാൻ! 48

ഭീഷ്മൻ:—പൌത്ര, ദുര്യോധന, വ്യാജമില്ലാത്തതാണു ധര്‍മ്മം. നമുക്കും ഇക്കാര്യത്തിൽ പ്രീതിയാണുള്ളതു്. നോക്കു, പൌത്ര,

അപ്പാണ്ഡവര്‍ക്കുകൊ, രാണ്ടിടയ്ക്കാ
ന്താറാണ്ടിടയ്ക്കാ ശരിയായ ഭാഗം;
അങ്ങേററതൊപ്പിയ്ക്കുക വീര: സത്യ-
പ്രതിജ്ഞരല്ലോ കുരുവംശ്യരെന്നും. 49

ദുര്യോധനൻ:—ഇങ്ങിനെതന്നെയാണു എന്റെ നിശ്ചയം.

---

* പഞ്ചരാത്രംകൊണ്ടു=അഞ്ചു രാത്രി കഴിയുമ്പോഴേയ്ക്കിൽ.

Digitized By Kerala Sahitya Akademi

ദ്രോണർ:—(ആത്മഗതം)

പോയ സീതയെ,യാരാഴി
പിന്നിട്ടിട്ടറിയിച്ചിതോ,
ഇപ്പൊഴാ ഹനുമാനാകാൻ
കൊതി മേ കാര്യതൃഷ്ണയാൽ! 50

എവിടെ നിന്നാണ് പാണ്ഡവന്മാരുടെ വർത്തമാനം വരേണ്ടത്?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവ് ജയിച്ചാലും! വിരാടനഗരത്തിൽ നിന്നു ദൂതൻ വന്നിരിയ്ക്കുന്നു

എല്ലാവരും:—വേഗം കൂട്ടിക്കൊണ്ടു വരൂ.

ഭടൻ:—കല്പനപോലെ. (പോയി)

ദൂതൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

എല്ലാവരും:—വിരാടരാജാവു വന്നിട്ടുണ്ടോ?

ദൂതൻ:—വ്യസനം നിമിത്തമാണ് എഴുന്നള്ളാഞ്ഞത്.

എല്ലാവരും:—എന്താണ്, അദ്ദേഹത്തിന്നു വ്യസനം?

ദൂതൻ:—മഹാരാജാവു കേട്ടാലും: അവിടത്തെ അടുത്ത ചാർച്ചക്കാരായ കീചകന്മാരെ നൂറുപേരേയും

ആരൊ കൊന്നീടിനാൻ രാവി-
ലൊളിവായ് കൈകൾകൊണ്ടുതാൻ;
അനായുധക്കൊലയിതെ-
ന്നറിയാം മെയ്കൾ നോക്കിയാൽ! 51

---

50. കാര്യതൃഷ്ണ=കാര്യസിദ്ധിയ്ക്കുള്ള അതിയായ ആഗ്രഹം.
51. അനായുധക്കൊല=ആയുധം കൂടാത്ത വധം.

Digitized By Kerala Sahitya Akademi

ഭീഷ്മർ:—എന്ത്, ആയുധം കൂടാതെയോ? (സ്വകാര്യം) അല്ലേ ആചാര്യ, പഞ്ചരാത്രം സ്വീകരിയ്ക്കാം.

ദ്രോണർ:—(സ്വകാര്യം) എന്തുകൊണ്ട്?

ഭീഷ്മർ:—(സ്വകാര്യം)

തീർച്ചപ്പെട്ടതാമിതു, കൈമിടുക്ക
തികഞ്ഞ ഭീമന്റെ വിനോദഭേദം!
ഈ നൂറു സോദര്യരിലുള്ള രോഷ-
മാ നൂറുപേരിൽസ്സഫലീഭവിച്ചു! 52

ദ്രോണർ:—(സ്വകാര്യം) ഭവാനെങ്ങിനെ അറിഞ്ഞു?

ഭീഷ്മർ:—(സ്വകാര്യം)

വിഭചൻ, കരയിൽ വാലാട്ടി-
ക്കൂത്താടും കൊച്ചുകാളകൾ
കൊമ്പാൽക്കുത്തിയതിൻ പാടു
വൻകാളയറിയില്ലയോ? 53

ദ്രോണർ:—(സ്വകാര്യം) വൻകാള എന്നോ? ഹാ, കാര്യം സാധിച്ചു (പ്രകാശം) ഉണ്ണി, ദുര്യോധന, പഞ്ചരാത്രമാവട്ടെ.

ദുര്യോധനൻ:—അതേ, പഞ്ചരാത്രമാവട്ടെ.

ദ്രോണർ:—ഹേ ഹേ യാഗത്തിന്നായി വന്ന രാജാക്കന്മാരേ, നിങ്ങൾ കേൾക്കുവിൻ. കേൾക്കുവിൻ: ഇതാ, അത്രഭവാൻ കുരുരാജാവു ദുര്യോധനൻ—പോര, പോരാ, അമ്മാമനോടു യോജിച്ചു—പാണ്ഡവന്മാരുടെ വർത്തമാ

---

52. സോദര്യർ=സഹോദരർ.

Digitized By Kerala Sahitya Akademi

നം എത്തിച്ചാൽ, പകുതി രാജ്യം കൊടുക്കാമത്രേ· അല്ലേ ഉണ്ണി?

ദുര്യോധനൻ:—അതേ.

ദ്രോണർ:—ഇതു രണ്ടു മൂന്നു വട്ടം ഉറപ്പിച്ചു പറയു.

ശകുനി:—വേണ്ടപ്പോൾ അറിഞ്ഞുകൊള്ളാം.

ദ്രോണർ:—അല്ലേ ഗാംഗേയ?

ഭീഷ്മർ:—(ആത്മഗതം)

ആചാര്യന്റ പരിതോഷം
ധൈര്യത്തെത്തള്ളി വെളിയിലെത്തുന്നു;
ദുര്യോധനനിൽച്ചതിയാ-
ലിദ്ദേഹത്തിന്നു ചതി പററാം! 54

(പ്രകാശം) പൌത്ര, ദുര്യോധന, എനിയ്ക്കു വിരാടന്റെ പേരിൽ ഗൂഢവൈരമുണ്ടു്; ഇപ്പോൾ അങ്ങയുടെ യാഗത്തിന്നു വന്നില്ലെന്നുമായി. അതിനാൽ, അയാളുടെ പശുക്കളെ പിടിച്ചടക്കണം.

ദ്രോണർ:—(സാകാൂതം) ഗാംഗേയ, എന്റെ പ്രിയശിഷ്യനാണല്ലോ വിരാടരാജാവു എന്തിനാണ് അദ്ദേഹത്തിന്റെ പൈക്കളെ പിടിച്ചടക്കുന്നതു്?

ഭീഷ്മർ:—(സാകാൂതം) ശുദ്ധബ്രാഹ്മണ,

അരികേ രഥശബ്ദമേറാഞ്ഞതാ-
ലരിശംകൊള്ളുവതാണു പാണ്ഡവന്മാർ:

54. ദുര്യോധനനിൽച്ചതിയാൽ=ദുര്യോധനനിൽ ചതി പ്രയോഗിയ്ക്കയാൽ.

Digitized By Kerala Sahitya Akademi

അവർ നന്ദിയെഴുന്ന കൂട്ടരല്ലേ!
തവ കാര്യസ്ഥിതി ഗോഗ്രഹത്തിലത്രേ. 55

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! പട്ടണപ്രവേശത്തിന്നു തേരുകൾ തെയ്യാറായിരിയ്ക്കുന്നു.

ദുര്യ്യോധനൻ:—

ചെയ്യാമിത്തേർകളാൽത്തന്നെ
തൽഗോഗ്രഹണമഞ്ജസാ;
വീണ്ടുമെൻ കയ്യിലെത്തട്ടെ,
യജ്ഞത്താൽ സ്വാസ്ഥ്യമാം ഗൃഹം; 56

ദ്രോണർ:—

എന്നാൽ കൊണ്ടുവരട്ടെ ഭൃത്യർ മമ തേർ;

ശകുനി:—

എത്തിയ്ക്കുകെന്നാനയെ;-

കർണ്ണൻ:—

പ്പാരം പോരിന്നു പോരുമശ്വവരരാൽ-
ത്തേർ പൂട്ടിനിർത്തീടുവിൻ!

ഭീഷ്മർ:—

ബദ്ധപ്പാടിവനാ വിരാടപുരിയിൽ-
ച്ചെല്ലാൻ; തരു വില്ലുടൻ;

എല്ലാവരും:—

ചാപം വിട്ടിഹതാൻ വസിയ്ക്കുക ഭവാ-
നീ;-ഞങ്ങളാജ്ഞാകരർ. 57

---

55. ഗോഗ്രഹം=പശുക്കളെ പിടിച്ചടക്കൽ.
57 പോരും=ത്രാണിയുള്ള. ആജ്ഞാകരർ=ഭൃത്യർ.

Digitized By Kerala Sahitya Akademi

ദ്രോണർ:—ഉണ്ണി, ദുര്യോധന, ഞങ്ങൾക്ക യുദ്ധത്തിൽ അങ്ങയുടെ പരാക്രമം കണ്ടാൽക്കൊള്ളാമെന്നുണ്ട്.

ദുര്യോധനൻ:—ഇവിടുത്തെ ഇഷ്ടംപോലെ.

ദ്രോണർ:—ഉണ്ണി, ഗാന്ധാരരാജ, ഈ ഗോഗ്രഹണത്തിൽ ഒന്നാമത്തെത്തര് അങ്ങയുടെയാണ്.

ശകുനി:—അങ്ങിനെതന്നെ; ഉത്തമപക്ഷം.

(എല്ലാവരും പോയി.)

ഒന്നാമങ്കം

Digitized By Kerala Sahitya Akademi

രണ്ടാമങ്കം

(അനന്തരം ഒരു വൃദ്ധഗോപൻ പ്രവേശിക്കുന്നു)

വൃദ്ധഗോപൻ:—എന്റെ പൈക്കാംകൾ നല്ല കിടാങ്ങളുണ്ടാകട്ടെ! ഇടയപ്പെണ്ണുങ്ങാം സുമംഗലികളായിത്തീരട്ടെ! ഞങ്ങളുടെ തമ്പുരാൻ വിരാടൻ ഏകച്ഛത്രാധിപതിയായിവരട്ടെ! വിരാടമഹാരാജാവിന്ന്, ആട്ടത്തിരുനാളിൽ പതിവുള്ള പശുദ്ദാനത്തിന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ തെയ്യാറാക്കി. പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷവും ധരിച്ചു കഴിഞ്ഞു. ഞാൻ ചെന്ന് ഇവക്ക മൂപ്പനായി നില്ക്കാം. എന്താണ്, ഈ കാക്ക ഉണങ്ങിയ മരത്തിന്മേലിരുന്ന്, ഉണക്കക്കൊമ്പിന്മേൽ കൊക്കുരസി, സൂര്യനെനോക്കി വികൃതസ്വരത്തിൽ കരുകുന്നത്? ശാന്തി ഭവിക്കട്ടെ! ഞങ്ങാംക്കും പൈക്കാംക്കും ശാന്തി ഭവിക്കട്ടെ! ഇവരിൽ മൂപ്പനായിനിന്നു പെങ്കിടാങ്ങളോടും ആൺകിടാങ്ങളോടും വിളിച്ചുപറയാം: ഗോമിത്രക, ഗോമിത്രക!

ഗോമിത്രകൻ:— (പ്രവേശിച്ച്) അമ്മാവ, ഞാൻ വന്ദിക്കുന്നു.

വൃദ്ധഗോപൻ:—ശാന്തി ഭവിക്കട്ടെ! നമുക്കും പൈക്കാംക്കും ശാന്തി ഭവിക്കട്ടെ! എടാ, ഗോമിത്രക, വിരാടമഹാരാജാവിന്ന് ആട്ടത്തിരുനാളിൽ പതിവുള്ള പശുദ്ദാനത്തിന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പൈക്കളെ

Digitized By Kerala Sahitya Akademi

തയ്യാറാക്കി; പെൺകിടാങ്ങളും ആൺകിടാങ്ങളുമൊക്കെ മോടിയിൽ വേഷം ധരിച്ചുകഴിഞ്ഞു. എടാ, ഗോമിത്രക, പെൺകിടാങ്ങളേയും ആൺകിടാങ്ങളേയും വിളിയ്ക്കുക.

ഗോമിത്രകൻ:— അമ്മാവന്റെ കല്പനപോലെ. ഗോരക്ഷണിക്കേ, ഘൃതപിണ്ഡ, സ്വാമിനി, വൃഷദത്ത, കുംഭദത്ത, മഹിഷദത്ത, വരുവിൻ; വേഗം വരുവിൻ.

(എല്ലാവരും പ്രവേശിയ്ക്കുന്നു.)

എല്ലാവരും:—അമ്മാവ, വന്ദനം!

വൃദ്ധഗോപൻ:—ശാന്തി ഭവിയ്ക്കട്ടെ, നമുക്കും പൈക്കൾക്കും ഇടയപ്പെൺകിടാങ്ങൾക്കും ആൺകിടാങ്ങൾക്കും ശാന്തി ഭവിയ്ക്കട്ടെ! വിരാടമഹാരാജാവിന്ന് ആട്ടത്തിരുനാളിൽ പതിവുള്ള പശുദാനത്തിന്ന് ഈ പട്ടണവീഥിയിൽ ചെല്ലാൻ പശുക്കളെ തെക്കിയിരിയ്ക്കുന്നു. കുറേനേരം നമുക്ക പാടുകയും ആടുകയും ചെയ്യാം.

എല്ലാവരും:—അമ്മാവന്റെ കല്പനപോലെ.

(എല്ലാവരും ആടുന്നു.)

വൃദ്ധഗോപൻ:—ഭേഷ്, ഭേഷ്! അസ്സലാട്ടം, അസ്സൽപ്പാട്ട്. ഞാനും ആടാം.

എല്ലാവരും:—അയ്യോ, അയ്യാ, അമ്മാവ, അതിവേകമായി പൊടി പൊങ്ങുന്നു!

Digitized By Kerala Sahitya Akademi

വൃദ്ധഗോപൻ:—പൊടിമാത്രമല്ലാ, ശംഖിന്റെയും പെരുമ്പറയുടേയും ശബ്ദവും പൊങ്ങുന്നുണ്ട്.

എല്ലാവരും:—അയ്യോ, അമ്മാവ, പകൽച്ചന്ദ്രന്റെ നിലാവ് പോലെ വിളർത്ത പൊടികൊണ്ടു മൂടിയ സൂര്യൻ ഉണ്ടോ ഇല്ലയോ എന്നായല്ലോ!

ഗോമിത്രകൻ:—അയ്യോ, അമ്മാവാ, ഇതാ, കുറെ കള്ളന്മാർ തയിർക്കട്ടപോലെ വെളുത്ത കുടകളുമായി, കുതിരവണ്ടിയിൽ കേറി, തൊഴുത്തുകൾക്കു നേരെ പാഞ്ഞുവരുന്നു.

വൃദ്ധഗോപൻ:—അയ്യയ്യോ, അമ്പുകളും വന്നു വീഴുന്നു! ആൺകുട്ടികളേ, പെൺകുഞ്ഞുങ്ങളേ, വേഗം കുടിലിൽ കടന്നോളിൻ.

എല്ലാവരും:—അമ്മാവന്റെ കല്പനപോലെ. (പോയി)

വൃദ്ധഗോപൻ:—ഹാ, ഹാ, നില്പിൻ, നില്പിൻ! അടിപ്പിൻ, അടിപ്പിൻ, പിടിപ്പിൻ, പിടിപ്പിൻ! നമുക്ക് ഈ വിവരം വിരാടമഹാരാജാവിനെ ഉണർത്തിക്കാം.

(പോയി)

പ്രവേശകം.

(അനന്തരം ഒരു ഭടൻ പ്രവേശിക്കുന്നു.)

ഭടൻ:—ഹേ, ഹേ, വിരാടമഹാരാജാവിനെ ഉണർത്തിപ്പിൻ, ഉണർത്തിപ്പിൻ, ഇതാ, ധാർത്തരാഷ്ട്രന്മാർ കള്ളന്മാരെപ്പോലെ ഒളിച്ചുവന്നു പൈക്കളെ കട്ടുകൊണ്ടു പോകുന്നു. അവിടെയാകട്ടെ,

Digitized By Kerala Sahitya Akademi

കിടാങ്ങൾ പാഞ്ഞും, പശുപംക്തി മാഴ്കിയും,
വൃഷങ്ങൾ പേടിച്ചു പകച്ചു നോക്കിയും,
മുഴക്കമാത്തസ്വരമൊത്തു മുറവമേ
കഴക്കമാന്നാകുലമായി ഗോകുലം. 1

എന്ന്.

(അണിയറയിൽ)

ധാത്തരാഷ്ട്രന്മാരോ?

ഭടൻ:—ആര്യ്യ, അതെ.

കഞ്ചുകി:—(പ്രവേശിച്ച്) ഇതു, സഹോദരന്മാരെക്കൂടി ദ്രോഹിയ്ക്കുന്നവക്ക യോജിച്ചതുതന്നെ.

ചാപം കുലച്ചു,രിയ കച്ചുറയും മുറുക്കി,
മെച്ചത്തയിട്ടു ശരിയാക്കിയ തേരിലേറി,
വിശ്വക്കരുമ്പൊടു കൃതാസ്ത്രരടക്കൊരുങ്ങി
രാജാവൊടുള്ള പക പൈക്കളിൽ വീട്ടിടുന്നു. 2

ജയസേന, തിരുനാൾച്ചടങ്ങുകളിൽ ഏപ്പെട്ടിരിയ്ക്കുന്ന മഹാരാജാവിന്ന്, അനവസരത്തിൽ ഉണത്തിച്ചാൽ തിരുവുള്ളക്കേടുണ്ടാവും. അതിനാൽ, പുണ്യാഹം കഴിഞ്ഞിട്ടു ഉണത്തിച്ചുകൊള്ളാം.

ഭടൻ:—ആര്യ്യ, ഇത് അടിയന്തിരകാര്യ്യമാണ്. വേഗം ഉണത്തിയ്ക്കണം. (പോയി.)

കഞ്ചുകി:—എന്നാൽ ഉണത്തിച്ചേയ്ക്കാം (പോയി)

---

1. പംക്തി=കൂട്ടം. വൃഷങ്ങൾ=കാളകൾ.
2. കൃതാസ്ത്രർ=ആയുധവിദ്യ ശീലിച്ചവർ.

Digitized By Kerala Sahitya Akademi

(അനന്തരം രാജാവു പ്രവേശിയ്ക്കുന്നു)

ആയായ് തേരൊലിയിലിളംകിടാങ്ങൾ ഞെട്ടി-
പ്പാഞ്ഞോൻ പൈപ്പരിഷ കവൻപോയിടുന്നു;
പിന്നാംസാ വളയിളകീടുമെൻെറ കയ്യോ,
നിർല്ലജ്ജം 'കളഭ'മണിഞ്ഞു സദ്യയുണ്മു! 3

ജയസേന, ജയസേന:

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും, ജയിച്ചാലും!

രാജാ:—മഹാരാജാവെന്നു പറയേണ്ടാ; എൻെറ ക്ഷത്രിയത്വം നിരസിയ്ക്കപ്പെട്ടുപോയി. യുദ്ധത്തെപ്പററി വിസ്തരിച്ചു പറയുക.

ഭടൻ:—മഹാരാജാവേ, അപ്രിയങ്ങൾ വിസ്തരിയ്ക്കത്തക്കവയല്ല. ഇതാണ് ചുരുക്കം:

നിറഞ്ഞ തേരിൻപൊടിയാലൊരൊററ-
നിറത്തിലാം മാട്ടുകൾതൻ വപുസ്സിൽ
ചമ്മട്ടിയേററീടിന പാടിൽ മാത്രം
നാനാനിറം വേർതിരിഞ്ഞു കാണ്മു! 4

രാജാ:—എന്നാൽ,

വിൽ തന്നിടുക; മമ തേരുമാശു പൂട്ടാം;
ക്രൂരന്മാർ പിറകെ വരട്ടെ വേണമെങ്കിൽ;
പൈക്കൾക്കായ്പ്പൊരുമൊരു വേല പാഴിലാകാ;
ചത്താലും പുകൾ; വിടുവിയ്ക്കിൽ നല്ല ധർമ്മം. 5

പിന്നാംസാ=ചുവൽ തട്ടിച്ചു്.

Digitized By Kerala Sahitya Akademi

ഭടൻ:—കല്പനപോലെ. (പോയി)

രാജാ:—അല്ലാ, എന്തായിരിയ്ക്കാം ദുര്യോധനന്ന് എന്റെ പേരിൽ വൈരം? ഓ, യാഗത്തിന്നു ചെന്നില്ലെന്നു. എങ്ങിനെ ചെല്ലും? കീചകന്മാരുടെ മരണം നിമിത്തം ഞങ്ങൾ വ്യസനത്തിലകപ്പെട്ടിരിയ്ക്കുന്നു. അല്ലെങ്കിൽ, അപ്രത്യക്ഷമായിട്ടെങ്കിലും പാണ്ഡവന്മാരുടെ സ്നേഹിതനാണെന്നുള്ളതായിരിയ്ക്കാം. ഏതായാലും, പൊരുതുകന്നെ വേണം. ഹസ്തിനപുരത്തിൽ താമസിച്ചിരുന്നതുകൊണ്ടു, ദുര്യോധനന്റെ സ്ഥിതി സന്ന്യാസിയ്ക്കറിവുണ്ടാവും.

അഥവാ,

ദുര്യോധനന്റെ ദോഷത്തെ-
യിദ്ദേഹമുരചെയ്തിടാ;
ആവശ്യമുള്ളോൻ ചോദിച്ചു-
നോക്കമല്ലോ നിരന്തരം. 6

ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—സന്ന്യാസിയെ വിളിച്ചുകൊണ്ടു വാ.

ഭടൻ:—കല്പനപോലെ. (പോയി)

(അനന്തരം സന്യാസി പ്രവേശിക്കുന്നു.)

സന്ന്യാസി:—(എല്ലാടവും നോക്കിയിട്ട്) എടോ, ഇതെന്താണ്?

Digitized By Kerala Sahitya Akademi

രഥൌഘം തെയ്യാറായ്; തുരഗവരർ സ-
    ന്നദ്ധര; ണിയി-
ച്ചിടുന്നു മാതംഗേന്ദ്രരെ;-യരമുറ-
    ക്കീ ഭടജനം;
ഒരുക്കം കണ്ടിട്ടെന്മനസി പതിവി-
    ല്ലാത്ത ഭയമൊ-
ന്നി;-തെന്നെച്ചൊല്ലീട്ടല്ല,ചലമതി ഞാ-
    ന, ക്ഷമരവർ. 7

(അടുത്തു ചെന്നിട്ടു്) ജയിച്ചാലും, ഭവാൻ ജയിച്ചാലും.

രാജാ:—ഭഗവാനേ, വിരാടൻ അഭിവാദനം ചെയ്യുന്നു.

സന്ന്യാസി:—നല്ലതു വരട്ടെ!

രാജാ:—ഞാൻ അനുഗ്രഹീതനായി! ഇതാ പീഠം. ഇരിയ്ക്കുക.

സന്ന്യാസി:—(ഇരുന്നിട്ടു്) അല്ലയോ രാജാവേ,

യുദ്ധോദ്യമമിതെന്തിന്നു?
രാജ്യശ്രീവർദ്ധനത്തിനോ?
ഗർവ്വിഷ്ഠക്കഴൽ ചേർപ്പാനോ?
ദീനസംരക്ഷണത്തിനോ? 8

രാജാ:—ഭഗവനേ, ഗോഗ്രഹണത്താൽ എന്നെ അവമാനിച്ചുകളഞ്ഞു.

സന്ന്യാസി:—ആര്?

രാജാ:—ധാർത്തരാഷ്ട്രന്മാർ.

---

7. മാതംഗേന്ദ്രർ=വലിയ കൊമ്പനാനകൾ. അചലമതി=മനസ്സിന്നു കുലുക്കമില്ലാത്തവൻ. അവർ=ഭീമാദികൾ.

Digitized By Kerala Sahitya Akademi

സന്ന്യാസി:—ധാർത്തരാഷ്ട്രന്മാരോ? (ആത്മഗതം) ഹാ, കഷ്ടം,

ഏകോദകത്വം ഭവന്ന മനസ്വി-
മനസ്സിനാകമ്പമിയററിടുന്നു:
വൈരപ്രിയന്മാരവർ തെററു ചെയ്തെ-
ന്നോന്നുന്നു, തെററിച്ചിവർ ചെയ്തപോലെ! 9

രാജാ:—ഭഗവാനേ, എന്താണിപ്പോൾ വിചാരിക്കുന്നത്?

സന്ന്യാസി:—ഒന്നുമില്ല. അവരെപ്പററി ദുഃഖിക്കുകയാണ്.

രാജാ:—ഇനിമേൽ അനങ്ങുകയില്ല. ശക്തനാണെങ്കിലും യുധിഷ്ഠിരൻ ക്ഷമിക്കുമെന്നു വെച്ചിട്ടു, ഞാൻ ക്ഷമിക്കുന്നതല്ല.

സന്ന്യാസി:—ശരിതന്നെ. (ആത്മഗതം)

ഇപ്പോൾ, പർണ്ണാസ്തീർണ്ണഭുവിൽക്കിടപ്പും,
രാജ്യഭ്രംശം, കൃഷ്ണയെത്തീണ്ടൽതാനും;
വേഷം മാറിപ്പാർപ്പുമെല്ലാം പ്രശസ്തം:
മൽക്ഷാന്തത്വം ജ്ഞാതമായ് വന്നുവല്ലോ! 10

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—പിന്നെ ദുര്യോധനൻ എന്തു പ്രവർത്തിക്കുന്നു?

---

9. ഏകോദകത്വം=ജ്ഞാതിത്വം. (ഒന്നിച്ച് 'ബലിയിടേ'ണ്ടുന്ന ചാർച്ച.) ഇച്ചിവർ=ഞങ്ങൾ.

10. പർണ്ണാസ്തീർണ്ണഭുവിൽ=ഇലകൾ വിരിച്ച നിലത്ത്. പ്രശസ്തം=ശ്ലാഘ്യമായിത്തീർന്നു. മൽക്ഷാന്തത്വം=എന്റെ ക്ഷമ. ജ്ഞാതം=അറിയപ്പെട്ടത്.

Digitized By Kerala Sahitya Akademi

ഭടൻ:—ദുര്യോധനൻ മാത്രമല്ല, ഭൂമിയിലെ രാജാക്കന്മാരൊക്കെ എത്തിയിട്ടുണ്ട്.

ദ്രോണർ, ജയദ്രഥ,നമർത്ത്യനദീതനൂജൻ,
ശല്യൻ, കൃപൻ, ശകുനി, വിശ്രുതനംഗരാജൻ—
തേരോടിയാടയുലയും കൊടികൊണ്ടുതന്നെ
തോററമ്പി ഞങ്ങള,വർതൻ കണയാലെയല്ല! 11

രാജാ:—(എഴുന്നേററു തൊഴുതുംകൊണ്ട്) തത്രഭവാൻ ഭീഷ്മരും വന്നിട്ടുണ്ടോ?

സന്ന്യാസി:—(ആത്മഗതം) കൊള്ളാം. ആക്രമിക്കപ്പെട്ടിട്ടും ഇദ്ദേഹം മര്യാദ വിട്ടില്ല. എയ്,

എഴുന്നള്ളിയതെന്തിന്നോ
കുരുക്കളുടെ സദ്ഗുരു?
കരാർ കടന്നിതെന്നെന്നെ
സ്മരിപ്പിപ്പതിനായ്‌വരാം! 12

രാജാ:—ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും!

രാജാ:—സൂതനെ വിളിച്ചുകൊണ്ടുവാ.

ഭടൻ:—കല്പനപോലെ. (പോയി)

സൂതൻ:—(പ്രവേശിച്ച്) തിരുമേനി ജയിച്ചാലും!

---

11. അമർത്ത്യനദീതനൂജൻ=ഭീഷ്മർ.
12. സ്മരിപ്പിപ്പതിന്=ഓർമ്മിപ്പിക്കുവാൻ.

Digitized By Kerala Sahitya Akademi

രാജാ:—

കൊണ്ടുവാ തേരുടൻ; വന്നി-
ട്ടുണ്ടു മാന്യൻ രണാതിഥി;
ഭീഷ്മക്കണ്ണുകളാൽത്തോഷ-
മേല്പിപ്പനജയൈഷി ഞാൻ! 13

സൂതൻ:—കല്പനപോലെ. തിരുമേനി,

അരിസൈന്യഭേദനത്തിൽ-
പ്പരിചിതമാകും ഭവാന്റെ തേരില്ല,
അതുകൊണ്ടുപോയിതുത്തര-
നടരിൽത്തേർവിദ്യ കാണിപ്പാൻ. 14

രാജാ:— ഉണ്ണി പോയ്ക്കഴിഞ്ഞുവോ?

സന്ന്യാസി:—രാജാവേ, അയയ്ക്കരുത്, ഉണ്ണിയെ അയയ്ക്കരുത്.

ഓക്കാം,ദോഷഗുണങ്ങളും; ബാല്യദശയാൽ-
പ്പോർവാശിയുള്ളോനമാ-
ണേ;-ററാൽപ്പിന്നെയൊരാഹവാനലനെരി-
ച്ചീടാതിരിയ്ക്കാ ദൃഢം;
ഗാന്ധാരീസുതരോ, മടിയ്ക്കുകയുമി-
ല്ലെന്തും പ്രവർത്തിയ്ക്കുവാൻ;
ഘോരിൻ കേടുകളാദരക്കുറവുകൊ-
ണ്ടല്ലിങ്ങു ചൊല്ലുന്നു ഞാൻ. 15

---

13. രണാതിഥി=യുദ്ധംകൊണ്ടു സൽക്കരിയ്ക്കേണ്ടുന്ന വിരുന്നുകാരൻ. അജയൈഷി=ജയേച്ഛയില്ലാത്തവൻ.

14. അരിസൈന്യഭേദനം=പററലർപ്പട പിളർക്കൽ.

15. ആഹവാനലൻ=യുദ്ധമാകുന്ന അഗ്നി.

Digitized By Kerala Sahitya Akademi

രാജാ:—എന്നാൽ മറെറാരു തേർ വേഗത്തിൽ തെളിച്ചോ റാക്ക.

സൂതൻ:—കല്പനപോലെ.

രാജാ:—അല്ലെങ്കിൽ, വരിക.

സൂതൻ:—തിരുമേനി, ഇതാ അടിയൻ.

രാജാ:—

നീതാനിപ്പോഠം കുമാരൻെറ
തേർ തെളിയ്ക്കാഞ്ഞതെന്തുവാൻ?
വിട തന്നോ നിനക്കായാഠം?
നൃപർതൻ സൂതനല്ലി നീ! 16

സൂതൻ:—തിരുമേനി പ്രസാദിയ്ക്കണം. അടിയൻ സൂതൻെറമുറയ്ക്കു തേരും പൂട്ടിക്കൊണ്ടു ചെന്നു. കുമാരനാകട്ടെ,

കളിയാക്കുന്നതിന്നോ, കെ-
ല്പതിന്നുണ്ടെന്നുമൂലമോ,
എന്നെത്തള്ളിത്തേർ തെളിപ്പാൻ
ബൃഹന്നളയെയാക്കിനാൻ. 17

രാജാ:—ബൃഹന്നളയോ?

സന്ന്യാസി:—രാജാവേ, മതി, മതി, പരിഭ്രമം.

ചക്രങ്ങഠംകൊണ്ടു പൊടിമാരി പൊഴിച്ചിടുന്ന
തേരാണ്ടു നമ്മുടെ ബൃഹന്നള പോയിയെങ്കിൽ,
തേർതന്നെ, നേമിയൊലികൊണ്ടു തടുത്തു, ബാണം
കൂടാതെയും ദ്രുതമമിത്രരെ വെന്നുകൊള്ളും. 18

---

18. നേമി=ചക്രത്തിൻെറ പുററ്. അമിത്രരെ=വൈരികളെ.

Digitized By Kerala Sahitya Akademi

രാജാ:— ആട്ടെ, ക്ഷണത്തിൽ മററൊരു തേർ തെയ്യാറാക്കുക.

സൂതൻ: കല്പനപോലെ (പോയി)

ഭടൻ:— (പ്രവേശിച്ച്) കൊച്ചുതമ്പുരാൻെറ തേർ അപജയപ്പെട്ടുപോയി.

രാജാ:—അപജയപ്പെട്ടുപോയോ?

സന്ന്യാസി:— എങ്ങിനെ അപജയപ്പെട്ടു?

ഭടൻ:— മഹാരാജാവു കേട്ടാലും:

യുദ്ധജ്ഞർ മാററാർ പലരൊ-
ത്തശ്വമാർഗ്ഗം തടുക്കയാൽ
തോററു കാട്ടിലൊളിച്ചീടാൻ
ചുടലയ്ക്കായ്ത്തിരിച്ചു തേർ. 19

സന്ന്യാസി:—(ആത്മഗതം) ഓ, അവിടെയാണല്ലോ ഗാണ്ഡീവം. (പ്രകാശം) രാജാവേ,

നിമിത്തമൊന്നുദിച്ചു, തേർ
ചുടലയ്ക്കായ്ത്തിരിച്ചതിൽ;
നൂററുപേർ നിവസിച്ചീടു-
മിടം ചുടലയായ്വരും! 20

രാജാ:—ഭഗവാനേ, അനവസരത്തിലെ 'ഫലിതം' അരിശമാണുണ്ടാക്കുക.

സന്ന്യാസി:—അരിശം തോന്നേണ്ടാ. ഒരിയ്ക്കലും ഞാൻ വ്യാജം പറയുക യുണ്ടായിട്ടില്ല.

---

20. നൂററുപേർ മരിച്ചു എന്നു തീർച്ചയാക്കാം!

Digitized By Kerala Sahitya Akademi

രാജാ:—അതു ശരിതന്നെ. (ഭടനോട്) പോ; വീണ്ടും വൎത്ത
മാനമറിയുക.

ഭടൻ:—കല്പനപോലെ. (പോയി)

രാജാ:—

പെട്ടെന്നീശ്ശബ്ദമെന്തുഴി-
യൊട്ടുക്കിളകിടുംവിധം,
ആററിൻ നീക്കത്തു പോലാശു
വന്നെത്തീടുന്ന വക്രമായ്? 21

ശബ്ദം എന്താണെന്നറിയുക.

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! ചുടുകാട്ടിൽ നിന്ന്, അല്പം നേരം കുതിരകളെ വിശ്രമിപ്പിച്ച കുമാരൻ—

സന്ന്യാസി:—ഇവൻ എന്നെ അസത്യവാദിയാക്കുകയില്ല.

ഭടൻ:—

അമ്പേറെസ്സമ്പതിപ്പിച്ചസിതകരികളിൽ-
ച്ചെന്നിറം കേററിനാൻ; ന്ത-
റമ്പേററിടാതെ കാണ്മീലൊരു കുതിരയെയോ-
ഹന്ത, പോരാളിയേയോ;
അമ്പാല, മ്പേറിടും തേരുകൾ ചെറുതുമന-
ങ്ങാതെയായ് മാൎഗ്ഗമൊട്ടു-
ക്കമ്പാലേ മൂടി; യമ്പിൻകൊട്ടനദിയെയൊഴു-
ക്കുന്നു കോദണ്ഡദണ്ഡം. 22

22. സമ്പതിപ്പിച്ച്=എയ്തുവീഴ്ത്തി, കോദണ്ഡം=വില്ല്.

Digitized By Kerala Sahitya Akademi

സന്ന്യാസി:—(ആത്മഗതം)

അക്ഷയ്യതൂണീതല്പമിതു;-ന്നിതൊന്നി-
നാലല്ലയോ, ഖാണ്ഡവകാനനത്തിൽ,
വൃത്രാരി പേമാരികളെത്ര പെയ്തി-
ത്തത്രയ്ക്കു താനമ്പുകളെയ്തുവിട്ടു! 23

രാജാ:—ശത്രുക്കളുടെ സ്ഥിതി ഇപ്പോളെന്താണ്?

ഭടൻ:—അത് അടിയനു കാണാൻ കഴിഞ്ഞില്ല. വർത്തമാനക്കാർ പറയുന്നു:

ദ്രോണർ വില്ലിനുടെ വൻമുഴക്കമതിതെന്ന-
റിഞ്ഞുടൻ മടങ്ങിനാൻ!
ബാണമക്കൊടിയിലേററുകണ്ടു മതിയെന്നു
ഭീഷ്മർ പൊരുതാതെയായ്;
ക്ഷീണനായ് കണകളേററു കർണ്ണനുടനെ, ന്തി-
തെന്നിതശ്ശ്രുതം;
പ്രാണഭീതിവിലവെപ്പതില്ലിഹ കുമാര-
നാകുമഭിമന്യുതാൻ. 24

സന്ന്യാസി:—അഭിമന്യു വന്നിട്ടുണ്ടോ? അല്ലയോ രാജാവേ,

സൌഭദ്രനിരുകുലത്തിൽ-
ത്തേജസ്സാമഗ്നി പൊരുവതുണ്ടെങ്കിൽ,
സൂതനെ വേറെയയയ്ക്കണം;-
മിങ്ങെല്ലതാകാ ബൃഹന്നളയാൽ. 25

---

23. അക്ഷയ്യതൂണീതല്പം=അമ്പൊടുങ്ങാത്ത ആവനാഴികളുള്ളവൻ എന്ന നില.

25. ഇരുകുലം=യാദവകുലവും പാണ്ഡവകുലവും.

Digitized By Kerala Sahitya Akademi

രാജാ:—അങ്ങിനെ പറയേണ്ട:

ഭീഷ്മൻ രാമശരാവിഭിന്നകവചൻ,
മന്ത്രായുധൻ ദ്രോണര-
ക്കർണ്ണൻ, സൈന്ധവരാജനെന്നിവരെയും,
മററുഴിപന്മാരെയും,
തോല്പിച്ചിട്ട,ഭിമന്യുവെ,പ്പിതൃഭയാൽ-
ധർഷിച്ചിടാതാകമോ?
സഖ്യം കൊൾകിലതും സുഹൃത്തുസദൃശ-
പ്രായത്തിനൊത്തുള്ളതാം. 26

ഭടൻ:—കൊച്ചുതമ്പുരാന്റെ രഥമാകട്ടേ,
നിൎത്തീടുകിൽത്തിരിയു;-മോട്ടമയച്ചുവിട്ടാൽ;
മെന്നാക്രമിച്ചിടുവതില്ലി,ടർ ചേൎപ്പതില്ല;
ചാരേ കിടന്നു തിരിയുന്ന രഥം പയററൽ
കാട്ടിക്കൊടുത്തിടുകയാണവനെന്നു തോന്നും! 27

രാജാ:—പൊയ്ക്കൊൾക, വീണ്ടും വിവരമറിയൂ.

ഭടൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയിപ്രവേശിച്ചിട്ട്) മഹാരാജാവു ജയിച്ചാലും! വിരാടേശൻ ജയിച്ചാലും! അടിയൻ സന്തോഷവൎത്തമാനം തിരുമനസ്സുണൎത്തിയ്ക്കാം; ഗോഗ്രഹണത്തിൽ തോററു ധാൎത്തരാഷ്ട്രന്മാർ ഒഴിച്ചുപോയി.

---

26. രാമ......വചൻ=രാമ്വരാമന്റെ അമ്പേററിട്ടുകൂടി പൊട്ടാത്ത ചട്ടയുള്ളവൻ. പിതൃഭയാൽ=അൎജ്ജുനനെ ഓൎത്തു ഭയപ്പെട്ടിട്ടു. ധർഷിയ്ക്കുക=ആക്രമിയ്ക്കുക.

27. ഇടർ ചേൎപ്പതില്ല=ശത്രുവിനെ ഉപദ്രവിയ്ക്കുന്നില്ല.

Digitized By Kerala Sahitya Akademi

സന്ന്യാസി:—ഭവാൻ ഭാഗ്യശാലിതന്നെ.

രാജാ:—അല്ലല്ലാ, ഇവിടുത്തെ ഭാഗ്യമാണിത്. പിന്നെ ഉണ്ണി എവിടെ?

ഭടൻ:—വിക്രമം കാട്ടിയ പടയാളികളുടെ വിവരം എഴുതിച്ചുവെയ്ക്കുകയാണ്, കൊച്ചുതമ്പുരാൻ.

രാജാ:—കൊള്ളാം, ഉണ്ണിയുടെ പ്രവൃത്തി ശ്ലാഘനീയം തന്നെ.

പുകഴ്ത്തിടേണ്ടും തൊഴിലാൽ
പരിക്കേറ്റുള്ള യോധനിൽ
കാലേ ചെയ്യുന്ന സൽക്കാരം
പാലേ പോക്കുന്നു നോവിനെ. 28

ബൃഹന്നളയെവിടെ?

ഭടൻ:—സന്തോഷവർത്തമാനം അറിയിപ്പാൻ അകത്തേയ്ക്കു പോയി.

രാജാ:—ബൃഹന്നളയെ വിളിയ്ക്കൂ.

ഭടൻ:—കല്പനപോലെ. (പോയി.)

(പിന്നെ ബൃഹന്നള പ്രവേശിയ്ക്കുന്നു.)

ബൃഹന്നള:—(തന്നെത്താൻ നോക്കി വിചാരത്തോടുകൂടി)
ഗാണ്ഡീവം കൂലയേററുവാൻ കുറെയിട-
യ്ക്കുണ്ടായ് പിണക്കം; ശര-
വ്യാപാരങ്ങളിൽ വേണ്ടപോലെ മുറുകി-
ച്ചേരാതെയായ് മുഷ്ടി മേ;

28. യോധൻ=പടയാളി. നോവിനെ=ആയുധമേററിട്ടുള്ള വേദനയെ.

Digitized By Kerala Sahitya Akademi

കൈത്തഴക്കമുള്ള പടുത്വമില്ലേ;-ഞ വെട്ട-
പ്പെട്ടാക്കാതെയായ് നില്പിനം;
പിമ്പോർമ്മിച്ചു വിട്ടത്തിനേൻ പരിചയാൽ
മുഷ്ടിതത്തിൽ നിന്നൊന്നു ഞാൻ. 29

ഞാനാകട്ടെ,

ഈ വേഷമാട്ടഴിപാർത്തൻ നടക്കിൽ
നാണിച്ചുകൊണ്ടേ നെട്ടവിൽ വലിച്ചേൻ;
എന്നാലുമമ്പിൻമഴ പെയ്തിതങ്ങു;
കുതിന്നമർന്നു പൊടിയും ക്ഷണത്താൽ. 30

ഹാ,

മന്നൻെറ ഗോനിരയെ വീണ്ടു ജയം ലഭിച്ചു-
വെന്നാലുമെൻ കരളിനില്ല ജയപ്രഹർഷം:
ദുശ്ശാസനാഖ്യനെയടർത്തലയിൽപ്പിടിച്ചു-
കെട്ടാതെയല്ലി,യിഹ മാത്സ്യപുരത്തിലെത്തി! 31

ഉത്തരയുടെ സമ്മാനമായ ആഭരണവും അണിഞ്ഞു, * രാജാവിനെക്കാണ്മാൻ എനിയ്ക്കു ലജ്ജ തോന്നുന്നു. അതിനാൽ വിരാടപതിയെ കാണുകതന്നെ. (ചുററിനടന്നു നോക്കിയിട്ട്) അല്ലാ, ഇതാ ആര്യയുധിഷ്ഠിരൻ,

---

29. ശരവ്യാപാരം=അസ്ത്രപ്രയോഗം. മുഷ്ടി=കൈപ്പിടി. പടുത്വം=സാമർത്ഥ്യം. പരിചയാൽ=മുമ്പത്തെ പരിചയത്താൽ.

30. 'കുതി...ടിയും'—ശത്രുക്കളും തോററമ്പി എന്നു സാരം.

31. ജയപ്രഹർഷം=ജയിച്ചതുകൊണ്ടുള്ള സന്തോഷം. മാത്സ്യൻ=വിരാടൻ.

* രാജാവ്=യുധിഷ്ഠിരൻ.

Digitized By Kerala Sahitya Akademi

സയൗവനൻ ശ്രേഷ്ഠതപോവനപ്രിയൻ,
നരേശ്വരൻ ബ്രാഹ്മണവൃത്തി പൂണ്ടവൻ,
വിരാജ്യനായാലുമതിശ്രീയോജ്ജ്വലൻ,
ത്രിദണ്ഡമാന്നാലുമദണ്ഡധാരകൻ. 32

(അടുത്തു ചെന്നു്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്ന്യാസി:—നല്ലതു വരട്ടെ!

ബൃഹന്നള:—സ്വാമി ജയിച്ചാലും!

രാജാ:—

രൂപം വൃഥാ; ജാതി വൃഥാ; മഹാങ്കലും
കർമ്മം വിളങ്ങുന്നിതു താന്നവങ്കലും:
മുൻ മോശമായ്ത്തള്ളിയിരുന്ന മെയ്യിതീ;-
മൈതന്നെ വീണ്ടും ബഹുമാനപാത്രമായ്! 33

ബൃഹന്നളേ, ക്ഷീണിച്ചിരിയ്ക്കുന്ന ഭവതിയെ ഞാൻ വീണ്ടും ക്ഷീണിപ്പിയ്ക്കുകയാണ്: യുദ്ധവർത്തമാനം വിസ്തരിച്ചു പറയുക.

ബൃഹന്നള:—മഹാരാജാവു കേട്ടാലും—

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു സർവ്വോൽക്കർഷേണ വർത്തിച്ചാലും!

---

32. വിരാജ്യൻ=രാജ്യം പോയവൻ. അതിശ്രീയോജ്ജ്വലൻ=മികച്ച (പ്രഭ) ശ്രീ കൊണ്ടു ശോഭിയ്ക്കുന്നവൻ. അദണ്ഡധാരകൻ=ദണ്ഡം (ദണ്ഡനീതി) നടത്താത്തവൻ.

33. കർമ്മം വിളങ്ങുന്നിതു—കർമ്മം നന്നായാൽ, ഇരുകൂട്ടരും ഒരുപോലെ ബഹുമാനനീയരായിത്തീരുന്നു. മെയ്യിതു്—ബൃഹന്നളയുടെ നപുംസകരൂപം.

Digitized By Kerala Sahitya Akademi

രാജാ:—

നിൻഹർഷം പൃത്തനായ്ക്കാണ്മൂ
ചൊല്ലു,ന്താശ്ചര്യകാരണം?

ഭടൻ:—

അവിശ്വാസ്യം പ്രിയം വന്നു:
പിടിയിൽപ്പെട്ടു ഫാല്ഗുനി! 34

ബൃഹന്നള:—പിടിയിൽപ്പെട്ടു എന്നോ? (ആത്മഗതം)

പടയതിന്നിടെ കെല്പുളന്നുപാർത്ത-
ന്,ടരത്തിൽ ഞാനവനേയുമിന്നു കണ്ടേൻ;
ഒരുവനവനു തുല്യനില്ലി,താരായ്-
വരുമിഹ, കീചകർ ചത്തുപോയിരിയ്ക്കേ? 35

സന്ന്യാസി:—ബൃഹന്നളേ, ഇതെന്താണ്?

ബൃഹന്നള:—ഭഗവാനേ,

കാണ്മീലവനെ വെൽവോനെ
ഞാന;-വൻ ബലി, ശിക്ഷിതൻ;
താതർതൻ ഭാഗ്യദോഷത്താൽ-
പ്പററിയേയ്ക്കാം പരാജയം! 36

രാജാ:—എങ്ങിനെയാണിപ്പോൾ പിടിച്ചത്?

---

34. അവിശ്വാസ്യം=കേട്ടാൽ വിശ്വാസം തോന്നാത്ത. ഫാല്ഗുനി=അഭിമന്യു.

36. ബലി=ബലവാൻ.

Digitized By Kerala Sahitya Akademi

ഭടൻ:—

തേരിൽച്ചെന്നേറി നിസ്സംഗം
കൈകളെക്കൊണ്ടിറക്കിനാൻ.

രാജാ:—ആര്?

ഭടൻ:—

തിരുമേനി മടപ്പള്ളി-
പ്പണിയ്ക്കു നിയമിച്ചവൻ. 37

ബൃഹന്നള:—(സ്വഗതം) എന്നാൽ, ഭീമജ്യേഷ്ഠൻ ആലിംഗനം ചെയ്യുതാണ്; പിടിയ്ക്കുയല്ല.

അകലെക്കണ്ടു സന്തോഷി-
യ്ക്കുകയേ ചെയ്യുതുള്ളു ഞാൻ;
ആസ്വദിച്ചു സുതസ്നേഹം,
വെളിവായ്ച്ചെയ്യുമഗ്രജൻ! 38

രാജാ:—എന്നാൽ, അഭിമന്യുവിനെ സൽക്കരിച്ച് അകത്തേയ്ക്കു കൊണ്ടുവരട്ടെ.

സന്ന്യാസി:—രാജാവേ, വൃഷ്ണികളുടേയും പാണ്ഡവന്മാരുടേയും കുട്ടിയായ അഭിമന്യുവിനെ സൽക്കരിച്ചാൽ, പേടിച്ചിട്ടാണെന്ന് ആളുകൾ കരുതും. അതിനാൽ ഇവനെ അനാദരിയ്ക്കുയാണ് വേണ്ടത്,

രാജാ:—യാദവീപുത്രനെ അനാദരിച്ചുകൂടാ. എന്തെന്നാൽ,

37. മടപ്പള്ളിപ്പണി=അടുക്കളപ്പണി.

പാൎത്ഥൻതൻ മകനാണിവൻ; ബത്, വയ-
സ്സെന്നുണ്ണിയോടൊപ്പമാം;
പാഞ്ചാലന്നിഹ ചാൎച്ചയുണ്ട,ത്തുവഴി-
യ്ക്കെൻപുത്രിതൻ പുത്രനാം;
ജാമാതൃത്വവുമാമടുത്തു;മകള-
ണ്ടല്ലോ നമുക്കു;ച്ഛ്യന്നാ-
ണാവുംപോലതിഥിത്വമൂലവുമിവൻ;
കൌന്തേയരെൻ കൂറരുകാർ. 39

സന്ന്യാസി:—ശരിതന്നെ; പറയുകയും പരിഗ്രഹിയ്ക്കുകയും ആവശ്യമാണ്.

രാജാ:—ആരാണ് അവനെ അകത്തേയ്ക്കു കൊണ്ടുവരുവാൻ?

സന്ന്യാസി:—ബൃഹന്നള കൊണ്ടുവരട്ടെ.

രാജാ:—ബൃഹന്നളേ, അഭിമന്യുവിനെ അകത്തെയ്ക്കു കൊണ്ടുവരിക.

ബൃഹന്നള:—മഹാരാജാവിന്റെ കല്പനപോലെ.(ആത്മഗതം) ഏറെ നാളായി കൊതിച്ചുവരുന്ന കല്പനയാണ് ഈ കിട്ടിയത്. (പോയി.)

---

39. പുത്രിതൻപുത്രനാം=പാഞ്ചാലി പുത്രിയുടെ സ്ഥാനത്ത്; അവളുടെ പുത്രന്റെ സ്ഥാനമാണല്ലോ അഭിമന്യുവിന്ന്. ജാമാതൃത്വം=പുത്രീഭർത്തൃത്വം. അൎച്ച്യൻ=പൂജ്യൻ.

Digitized By Kerala Sahitya Akademi

സന്ന്യാസി:—(ആത്മഗതം)

ചെന്നേകാന്തേ കണ്ടുകൊള്ളട്ടെ! കണ്ട-
പ്പുത്രൻതന്നെപ്പുണ്ടുകൊള്ളട്ടെ ഗാഢം!
സ്വൈരം കണ്ണീരാണ്ടുകൊള്ളട്ടെ മോദാൽ
ഇയ്യാൾക്കുണ്ടാം നാണ,മെൻ മുന്നിലായാൽ. 40

രാജാ:—ഇവിടുന്നു നോക്കു, കുമാരൻ ചെയ്തത്:
മന്നോർകൾ ഭീഷ്മാദികൾ തോററൊഴിച്ചു;
വന്നേററ സൌഭദ്രനെയോ, പിടിച്ചു;
ഇന്നുത്തരൻ മന്നിടമൊക്കെ വെന്നി-
തെന്നായ്, ചുരുക്കത്തിലിതിൻെറ സാരം! 41

(പിന്നെ ഭീമസേനൻ പ്രവേശിക്കുന്നു)

ഭീമസേനൻ:—

പണ്ടരക്കുപുര കൊള്ളിവെച്ചപൊഴുതെ-
ൻെറ കൈകളിലെടുത്തുതാൻ
കൊണ്ടുപോന്നു, സഹജാതരെൻെറ ജനയി-
ത്രിയെന്നിവരെയൊക്കയും;
ഇന്നു ബാലനഭിമന്യുവേകനെ രഥത്തിൽ-
നിന്നിവനിറക്കിയി-
ട്ടന്നു ചെയ്തതിനു തുല്യമാം ശ്രമമിതെന്നു
തോന്നിടുവതുണ്ടു മേ! 42

കുമാരൻ ഇതിലെ ഇതിലെ.

---

40. ഏകാന്തേ=വിജനത്തിൽ.

41. സൌഭദ്രൻ=അഭിമന്യു.

42. സഹജാതർ=സഹോദരർ. ജനയിത്രി=അമ്മ.

Digitized By Kerala Sahitya Akademi

(പിന്നെ അഭിമന്യുവും ബൃഹന്നളയും പ്രവേശിക്കുന്നു.)

അഭിമന്യു:—ഹേ, ഇതാരാണ്—

പരപ്പേറും മാറും, ചെറിയ വയറും,
ചീർത്ത തുടയും,
സ്ഥിരോന്നമ്രം തോളും, കൃശതരമര-
ക്കെട്ടുമുടയോൻ?
വെറുംകൈകൊണ്ടെന്തിസ്സുദൃഢമിവനെ-
ത്തിച്ചിതിഹ മാം,
കരത്തേററെച്ചുന്നീടിലുമിവനമ-
ത്തിലുടലിൽ മേ. 43

ബൃഹന്നള:—കുമാരൻ ഇതിലെ ഇതിലെ.

അഭിമന്യു:—എയ്, ഇതാരാണ് മററൊരാൾ—

ഇണക്കമിയലാത്ത പെൺകുലവിഭൂ-
ഷ മൈക്കൊൾകയാൽ
പിടിയ്ക്കുടയ കോപ്പണിഞ്ഞൊരു കരീ
ന്ദ്രനെപ്പോലെയായ്,
ഉടൽപ്പുരിചു താന്നതാകിലുമുയ-
ർച്ച് തേജസ്സിലാ-
ന്നു,മാവടിവെടുത്ത ധൂർജ്ജടി കണ-
ക്ക ശോഭിപ്പവൻ? 44

43. സ്ഥിരോന്നമ്രം=ഉറപ്പും ഉയർച്ചയുമുള്ളത്.

44. പെൺകുലവിഭൂഷ=സ്ത്രീകൾക്ക ചേന്ന ആഭരണം. ഉമാവടി
വ്=പാർവ്വതിയുടെ രൂപം. ധൂർജ്ജടി=ശിവൻ.

Digitized By Kerala Sahitya Akademi

ബൃഹന്നള:—(സ്വകാര്യം)ഇവനെ ഇവിടെ കൊണ്ടുവന്ന ജ്യേഷ്ഠൻ എന്താണീച്ചെയ്യുന്നത്?

മുൻപോരിലേ വിജിതനെന്നപകീർത്തി ചേർത്തു!
മാഴ്കും സുഭദ്ര ദയിതാത്മജവിപ്രയോഗാൽ;
തോററെന്നുവെച്ചു ഭഗവാനിവനിൽക്കയർക്കും;
വാക്കെന്തിനേറെയിഹ, ബാഹുബലം കെടുത്തു! 45

ഭീമസേനൻ:—അർജ്ജുന——

ബൃഹന്നള:—അതേ, അർജ്ജുനന്റെ മകനാണിവൻ.

ഭീമസേനൻ:—അതേ. (സ്വകാര്യം)

ഏവം ഞാനിവനെപ്പിടിച്ചതിലെഴും
കേടൊക്കെയോർക്കായ്കയി-
ല്ലേ;വൻ ശത്രുകരത്തിലായ മകനെ-
ക്കണ്ടിട്ടു കൺ ചിമ്മിടും?
ആവുന്നോളമപത്യവത്സലതയാ
വീക്ഷിച്ചുകൊള്ളട്ടെ, മാൽ
താവും ദ്രൗപതിയെന്നു നണ്ണിയിവനെ-
ക്കൊണ്ടിങ്ങു പോന്നീടിനേൻ. 46

ബൃഹന്നള:—(സ്വകാര്യം) ജ്യേഷ്ഠ, സംസാരിച്ചുകേൾപ്പാൻ എനിയ്ക്കു വളരെ കൌതുകമുണ്ട്. ജ്യേഷ്ഠൻ ഇവനെ സംസാരിപ്പിയ്ക്കു.

---

45. മുൻപോരിലേ=ആദ്യത്തെ യുദ്ധത്തിൽത്തന്നെ. വിജിതൻ=തോല്പിയ്ക്കപ്പെട്ടവൻ. 'ദയിതാ........ഗാൽ=ഭർത്താവും പുത്രനും വേർപിരികയാൽ. ഭഗവാൻ—കൃഷ്ണൻ.

46. അപത്യവത്സലതയാ=സന്താനവാത്സല്യത്താൽ.

Digitized By Kerala Sahitya Akademi

ഭീമസേനൻ:—അങ്ങിനെതന്നെ. ഹേ അഭിമന്യൂ!

അഭിമന്യു:—അഭിമന്യു എന്നോ?

ഭീമസേനൻ:—ഇവൻ എന്നോട്ട ശുശ്രൂഷയെടുക്കയാണ്. താൻതന്നെ സംസാരിപ്പിച്ചുകൊൾക.

ബൃഹന്നള:— ഹേ അഭിമന്യൂ!

അഭിമന്യു:—എന്ത് എന്ത്? അഭിമന്യു എന്നോ? ഹാ,

പേരെടുത്തു വിളിയ്ക്കുന്ത
നീചരും ക്ഷത്രവംശ്യരെ!
ഇതോ നടപ്പിങ്ങ? പിടി-
ച്ചതിൽപ്പെട്ടമവജ്ഞയോ? 47

ബൃഹന്നള:—അഭിമന്യു, നിൻെറ അമ്മയ്ക്കു സുഖമല്ലയോ?

അഭിമന്യു:—എന്തെന്ന്? അമ്മയ്ക്കോ?

നീയാരുവാൻ, യുധിഷ്ഠിര-
നരപതിയോ, ഭീമനോ, ധനഞ്ജയനോ:
എന്നോട്ട പിതൃജനമട്ടിൽ
സ്ത്രീവൃത്താന്തം കഥനചോദിപ്പാൻ? 48

ബൃഹന്നള:—അഭിമന്യു, ദേവകീപുത്രനായ കൃഷ്ണനു സുഖമല്ലയോ?

അഭിമന്യു:—എന്ത്, അവിടത്തേയും പേർ മാത്രമോ? അതെ, അതെ, ഭവാൻെറ സ്നേഹിതനു സുഖംതന്നെ!

---

47. ക്ഷത്രവംശ്യർ=ക്ഷത്രിയർ അവജ്ഞ=അനാദരം.

48. സ്ത്രീവൃത്താന്തം=സ്ത്രീകളുടെ വർത്തമാനം.

8

Digitized By Kerala Sahitya Akademi

(രണ്ടാളും അന്യോന്യം നോക്കിച്ചിരിയ്ക്കുന്നു)

അഭിമന്യു:—എന്താണിപ്പോൾ എന്നെ പുച്ഛിച്ചു ചിരിയ്ക്കുന്നത്?

ബൃഹന്നള:—ഒന്നുമില്ല.

അച്ഛനർജ്ജുനന, മ്മാമൻ
ജനാർദ്ദനനി, തോർക്കിൽ,
തരുണൻ ശിക്ഷിതാസ്ത്രൻ നീ
പോരിൽത്തോററതു ചേരുമേ! 49

അഭിമന്യു:—പുലമ്പാതിരിയ്ക്കൂ;

പതിവില്ലൊ, രു സംഗതിയ്ക്കുമാത്മ-
സ്തുതി ചെയ്യുന്നതു ഞങ്ങൾതൻ കുലത്തിൽ;
ഹതരിൽത്തടവും ശരങ്ങൾ നോക്കൂ:
ബത, കണ്ടെത്തുകയില്ല പേരു വേറെ! 50

ബൃഹന്നള:—ശരിയാണ്, ഉണ്ണി പറഞ്ഞത്:

രഥാശ്വമത്തേഭഭടാൽക്കരത്തി-
ലൊന്നില്ലിവൻതൻ കണയേററിടാതെ;
പരിക്കെനിയ്ക്കും പെടുമായിരുന്നു,
രഥത്തെ ഞാനിട്ടുതിരിച്ചിടായ്കിൽ! 51

---

49. തരുണൻ=ചെറുപ്പക്കാരൻ. ശിക്ഷിതാസ്ത്രൻ=അസ്ത്രവിദ്യ പഠിച്ചവൻ.

50. ആത്മസ്തുതി=ആത്മപ്രശംസ. വേറേ=അഭിമന്യുവിൻേറതല്ലാതെ.

Digitized By Kerala Sahitya Akademi

(പ്രകാശം) വാക്കിൽ വമ്പ് ഇങ്ങിനെ! എങ്ങിനെയാണ്, ഒരു കാലാൾ പിടിച്ചുകളഞ്ഞത്?

അഭിമന്യു:—

അശസ്ത്രനായിട്ടാണേററ-
ത്,തിൽ ഞാൻ പിടിപെട്ടുപോയ്:
അസ്ത്രഹീനനെയാരെയ്യു-
മച്ഛൻ പാൎത്ഥനെയോൎക്കകിൽ? 52

ഭീമസേനൻ:— (ആത്മഗതം)

ധന്യൻതാനൎജ്ജുനൻ: നേരേ
കേട്ടല്ലോ ശ്ലാഘ്യമായിവൻ,
യുദ്ധങ്ങളിൽ മകൻേറയു-
മച്ഛൻേറയും പരാക്രമം! 53

രാജാ:—അഭിമന്യുവിനെ വേഗം കൊണ്ടുവരു, വേഗം.

ബൃഹന്നള:—ഇതിലെ ഇതിലേ. ഇതാ, മഹാരാജവ്. കുമാരൻ അടുത്തു ചെല്ലുക.

അഭിമന്യു:—ഉം, ആരുടെ മഹാരാജാവ്?

ബൃഹന്നള:—അരുതരുത്. ബ്രാഹ്മണനോടുകൂടി ഇരിയ്ക്കുന്നു.

അഭിമന്യു:—ബ്രാഹ്മണനോ? (അടുത്തുചെന്ന്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്ന്യാസി:—വരു, വരു, ഉണ്ണി.

---

52. അശസ്ത്രൻ=നിരായുധൻ (ആയുധമില്ലാത്തവൻ.)

Digitized By Kerala Sahitya Akademi

ധൈര്യം, മിടുക്ക, വിനയം, സ്വജനാനുകമ്പ,
മാധുര്യ്യ,മററു വിജയം, നെടുവില്ലിൽ വീര്യം,
ഈമട്ടൊരർജ്ജുനന്റെ സൽഗുണമൊക്കെ നേടി,
മററുള്ള നാല്‌വരുടെ വേണ്ട ഗുണത്തെയും നീ. 54

അഭിമന്യു:—ഞാൻ അനുഗൃഹീതനായി.

രാജാ:—വരു, വരു, മകനേ എന്താണെന്നെ അഭിവാദ്യം ചെയ്യാത്തത്? (ആത്മഗതം) അഹോ, കുറുമ്പനാണ് ഈ ക്ഷത്രിയക്കുട്ടി! ഞാൻ ഇവന്റെ ഗർവ്വ് മാററാം. (പ്രകാശം) ആരാണിവനെ പിടിച്ചത്?

ഭീമസേനൻ:---മഹാരാജാവേ, ഞാൻ.

അഭിമന്യു:– ഒരു നിരായുധൻ എന്നു പറയുക.

ഭീമസേനൻ:—ശാന്തം പാപം!

തോൾ തടിച്ചു മിന്നുന്നുള്ള
കൈകൾതാനെന്റെയായുധം;
പോരാട്ടമവകൊണ്ടേ ഞാൻ;
വില്ലെടുക്കുന്നു ദുർബ്ബലർ! 55

അഭിമന്യു:—ഓഹോ,

കൈത്തണ്ടൊരക്ഷൌഹിണിയാ-
ക്കാ,ർതൻ വീര്യമകൈതവം,
ആ മദ്ധ്യമപിതാവോ നീ-
യ?-വിടെശ്ശ്ലാഘതി മൊഴി! 56

---

54. സ്വജനാനുകമ്പ=സ്വന്തക്കാരിൽ ദയ.

56. അകൈതവം=കള്ളമില്ലാത്തത്.

സന്ന്യാസി:—ഉണ്ണി, ആരാണീ മദ്ധ്യമൻ?

അഭിമന്യു:—കേട്ടാലും. അല്ലെങ്കിൽ ഞങ്ങൾ ബ്രാഹ്മണരോട് ഉത്തരം പറയാറില്ല; മറ്റാരാരാൻ ചോദിച്ചാൽ നന്ന്.

രാജാ:—ആവട്ടെ, ആവട്ടെ, ഉണ്ണി, ഞാൻ ചോദിയ്ക്കാം. ആരാണീ മദ്ധ്യമൻ?

അഭിമന്യു:—കേട്ടുകൊൾക: യാതൊരാളാണോ,

പുരാ ജരാസന്ധനെ വൻകഴുത്തിൽ-
ക്കയ്യായ കാലക്കയറിട്ടു കെട്ടി,
അസാദ്ധ്യമാമപ്പണി ചെയ്തുതീർത്തു
കൃഷ്ണന്നു വെയ്ക്കാത്തതത്രപ്പുമാൻ താൻ! 57

രാജാ:—

അരിശം മമ നിന്റെ തള്ളലാലി-
ല്ല;-രിശം നീ പുനരേല്പതുത്സവം മേ!
‘നടകൊള്ളുക, നില്പതെന്തു നീയെ’-
ന്നുരചെയ്താലപരാധിയാകുമോ ഞാൻ? 58

അഭിമന്യു:—എന്നെ അനുഗ്രഹിയ്ക്കണമെന്നുണ്ടെങ്കിൽ,

പഠിച്ചതിന്നുചിതമാ-
മാചാരം ചെയ്ക കാല്ക്കളിൽ;
കൈക്കൊണ്ടാനീതനെന്നിമൻ
കൈക്കൊണ്ടേ വീണ്ടുകൊണ്ടുപോം! 59

57. അസാദ്ധ്യമായ പണി (ജരാസന്ധവധം.)

59. ആനീതൻ=കൊണ്ടുവരപ്പെട്ടവൻ.

Digitized By Kerala Sahitya Akademi

(അനന്തരം ഉത്തരൻ പ്രവേശിയ്ക്കുന്നു.)

ഉത്തരൻ:—

മിഥ്യാപരിശ്ലാഘ കടപ്പമയ്യോ!
മിഥ്യാവചസ്സിൽ പ്രതിപത്തിപൂണ്ടോർ
യുദ്ധത്തിനെപ്പററിയുരയ്ക്ക, വാക്കാ-
ലൊത്തോതിടും ഞാൻ ഹൃദി ലജ്ജകൊൾവൂ! 60

(അടുത്തു ചെന്നിട്ട്) ഭഗവാനേ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

സന്ന്യാസി:—നല്ലതു വരട്ടെ!

ഉത്തരൻ:—അച്ഛാ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

രാജാ:—വരു, വത്സ, മകനേ ദീർഘായുസ്സായിരിയ്ക്കുക. ഉണ്ണി, വേല ചെയ്ത ഭടന്മാരെ പൂജിച്ചുകഴിഞ്ഞുവോ?

ഉത്തരൻ:—പൂജിച്ചുകഴിഞ്ഞു. ഏററവും പൂജിയ്ക്കേണ്ടവനെ പൂജിയ്ക്കുക.

രാജാ:—മകനേ, ആരെ?

ഉത്തരൻ:—ഇതാ, അത്രഭവാൻ ധനഞ്ജയനെ.

രാജാ:—എന്ത്, ധനഞ്ജയനെയോ?

ഉത്തരൻ:—അതേ. ഇദ്ദേഹം

ചുടുകാട്ടിൽനിന്നു വില്ലും
പടുകന്ന തീരാത്ത തൂണികളുമേന്തി,
അടരിൽബ്ഭീഷ്മാദിസ്സങ്ക-
ടവും, നമ്മൾക്കു രക്ഷയും നല്കി! 61

---

60. മിഥ്യാപരിശ്ലാഘ=വാസ്തവവിരുദ്ധമായ ശ്ലാഘ

Digitized By Kerala Sahitya Akademi

രാജാ:—ഇത് ഇങ്ങിനെയാണല്ലേ?

ബൃഹന്നള:—മഹാരാജാവു പ്രസാദിയ്ക്കണേ, പ്രസാദിയ്ക്കണേ!

കട്ടിപ്പുതറിച്ച പിടി-
ച്ചിട്ടിവനറിയുന്നതില്ല പൊരുതുകിലും;
ഒട്ടെക്കിളു താൻതാൻ ചെ-
യ്തിട്ടു, പരൻ ചെയ്തതായ് നിനയ്ക്കുകയാം. 62

ഉത്തരൻ:—ഇവിടുന്നു സംശയം തീൎത്തുകൊൾക: ഇതു പറഞ്ഞുതരാം—

കൈത്തണ്ടമേൽ മറവിലാ-
യിതാ, ഗാണ്ഡീവത്താൺവടു!
ഏറെ മാഞ്ഞുകഴിഞ്ഞില്ലി-
തീരാറാണ്ടുകൾ ചെല്ലിലും. 63

ബൃഹന്നള:—

ഇതെ,ൻ കൈത്തണ്ടിൽ, വളക-
ളിട്ടിട്ടുണ്ടായിവന്നതായ്
ഇറുക്കത്താൽ നിറം മാറി-
ച്ചമഞ്ഞൊരു തഴമ്പുതാൻ. 64

രാജാ:—ഞങ്ങൾ നോക്കട്ടെ.

ബൃഹന്നള:—

ഹരശരനിരയുടൽ പുല്കിയ
ഭരതഭവൻ ജിഷ്ണുവാണു ഞാനെങ്കിൽ,

65. ഭരതഭവൻ=ഭാരതവംശത്തിൽ ജനിച്ചവൻ. ജിഷ്ണു=അൎജ്ജുനൻ.

Digitized By Kerala Sahitya Akademi

ഇതു ഭീമസേനനായ്‌വരു,-
മിതു നൂനം ധർമ്മപുത്രനൃപതിയുമാം. 65

രാജാ:—അല്ലയോ ധർമ്മരാജ, വൃകോദര, ധനഞ്ജയ, നിങ്ങളെന്താണ് എന്നെ വിശ്വസിയ്ക്കാത്തത്? ആവട്ടെ, സമയമാവട്ടെ. ബൃഹന്നള, നീ അകത്തേയ്ക്കു പൊയ്ക്കൊൾക.

ബൃഹന്നള:—മഹാരാജാവിന്റെ കല്പനപോലെ.

യുധിഷ്ഠിരൻ:—അർജ്ജുന, അകത്തേയ്ക്കു പോകണമെന്നില്ല; നമ്മുടെ പ്രതിജ്ഞ അവസാനിച്ചിരിയ്ക്കുന്നു.

അർജ്ജുനൻ:—ജ്യേഷ്ഠന്റെ കല്പനപോലെ.

രാജാ:—

പ്രതിജ്ഞ നിറവേററാനായ്-
സ്സത്യസംഗരർ പാണ്ഡവർ
ശൂരന്മാർ വാഴ്കയാൽപ്പാരം
ശുദ്ധമായ്ത്തീർന്നിതെൻ കുലം! 66

അഭിമന്യു:—(ആത്മഗതം) ഈ മാന്യന്മാർ എന്റെ പിതാക്കന്മാരാണോ? അതുകൊണ്ടുതന്നെയാണ്,

പഴിയ്ക്കുമെന്നോടരിശപ്പെടാത്തതും,
ചിരിച്ചുകൊണ്ടെന്നെയുടൻ പഴിപ്പതും;
ശുഭാന്തമായ് ഗോഗ്രഹണപ്രസംഗ,മെൻ-
പിതാക്കളെക്കണ്ടതുകൊണ്ടു ഭാഗ്യമേ! 67

---

67 ശുഭാന്തം=ശുഭമായ അവസാനത്തോടു കൂടിയത്. ഗോഗ്രഹണപ്രസംഗം=ഗോഗ്രഹണത്തിന്നിടയായത്.

Digitized By Kerala Sahitya Akademi

(ഭീമസേനനോട്) അച്ഛാ,

മല്ലാട്ട വന്ദിച്ചീലല്ലോ
തല്പ്പാദ,മറിയാഞ്ഞു ഞാൻ;
മകൻെറയിത്തെററിൽ മനം
കനിഞ്ഞരുളിടേണമേ! 68

ഭീമസേനൻ:—മകനേ, വരു, വരു. നീ പിതാവിനൊത്ത പരാക്രമിയായി ഭവിച്ചാലും!

അഭിമന്യു:—ഞാൻ അനുഗൃഹീതനായി!

ഭീമസേനൻ:—മകനേ, അച്ഛനെ വന്ദിയ്ക്കൂ.

അഭിമന്യു:—അച്ഛ, ഞാൻ അഭിവാദ്യം ചെയ്യുന്നു.

അർജ്ജുനൻ:—ഉണ്ണി, വരു, വരു.

ചിത്രം കളപ്പിച്ചിട്ടമീ-
പ്പുത്രഗാത്രസമാഗമം,
പതിമ്മൂവാണ്ടുചെന്നിട്ട
ദ്ദൂരാൽത്തിരിയെ വന്നതാം! 69

ഉണ്ണി, വിരാടരാജാവിനെ അഭിവാദ്യംചെയ്യു.

അഭിമന്യു:—ഞാൻ അഭിവാദ്യം ചെയ്യുന്നു.

രാജാ:—ഉണ്ണി, വരു, വരു.

ശ്രീമദ്യുധിഷ്ഠിരനു ചേന്ന മനസ്സുറപ്പും,
ഭീമൻെറ കെല്പുമഥ വാസവിതൻ മിടുക്കും,
മാദ്രേയർതന്നഴകു, ബുദ്ധി, ജഗൽപ്രിയത്വം
ചാൎത്തുന്ന കൃഷ്ണനുടെ കീൎത്തിയുമല്ലൊ നീ താൻ! 70

70. വാസവി=ഇന്ദ്രപുത്രൻ (അർജ്ജുനൻ).

Digitized By Kerala Sahitya Akademi

(ആത്മഗതം) ഉത്തരാസഹവാസം എനിയ്ക്കു മനശ്ശല്യമുണ്ടാക്കുന്നു. ഇപ്പോൾ എന്തു ചെയ്യേണ്ടു? ആവട്ടെ വഴി കണ്ടു. (പ്രകാശം) ആരവിടെ?

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു സർവോൽക്കർഷേണ വർത്തിച്ചാലും!

രാജാ:—കുറെ വെള്ളം.

ഭടൻ:—കല്പനപോലെ. (പോയി, പ്രവേശിച്ച്) ഇതാ, തണ്ണീർ.

രാജാ:—(വാങ്ങിയിട്ട്) അർജ്ജുന, ഗോഗ്രഹണത്തിൽ ജയിച്ചതിന്നു പ്രതിഫലമായി ഉത്തരയെ വാങ്ങിക്കൊൾക.

യുധിഷ്ഠിരൻ:—(ആത്മഗതം) ഇതാ, തല താന്നു!

അർജ്ജുനൻ:—(ആത്മഗതം) എന്റെ ചാരിത്രം തൂക്കിനോക്കുകയാണോ? (പ്രകാശം) ഹേ, രാജാവേ,

അന്തഃപുരത്തെയെല്ലാം ഞാ-
നമ്മയെപ്പോലെ നണ്ണിനേൻ;
അങ്ങേകമീയുത്തരയെ-
പ്പുത്രനായിട്ടു വാങ്ങവൻ! 71

യുധിഷ്ഠിരൻ:—(ആത്മഗതം) ഇതാ, തല ഉയന്നു!

രാജാ:—

ദൃഢമാഹവശൂരരാം പുമാന്മാ-
രുടെ മര്യാദയിലൂന്നിനിന്നിദാനീം
ശരിയായ് നിറവേററിവെച്ചിതന്തഃ-
പുരവാസത്തിന്നു തക്കതായ കർമ്മം. 72

Digitized By Kerala Sahitya Akademi

ഇന്നു നല്ല നാളാണ്; ഉണ്ണിയുടെ വിവാഹം ഇന്നുതന്നെ നടത്താം.

യുധിഷ്ഠിരൻ:—ആവട്ടെ, ആവട്ടെ. പിതാമഹന്റെ അടുക്കലേയ്ക്കു് ഉത്തരനെ അയയ്ക്കാം.

രാജാ:—അങ്ങയുടെ ഇഷ്ടംപോലെ. ധർമ്മരാജ, വൃകോദര, ധനഞ്ജയ, ഭവാന്മാർ ഇതിലെ, ഇതിലെ. ഈ സന്തോഷത്തോടുകൂടിത്തന്നെ അകത്തെയ്ക്കു പോകാം.

എല്ലാവരും:—അങ്ങിനെതന്നെ.

(പോയി)

രണ്ടാമങ്കം.

Digitized By Kerala Sahitya Akademi

മൂന്നാമങ്കം

(ഒരു സൂതൻ പ്രവേശിക്കുന്നു.)

സൂതൻ:—ഹേ ഹേ സർവ്വക്ഷത്രിയാചാര്യരെ മുൻനിർത്തിയ ക്ഷത്രിയന്മാരോട് അറിയിക്കുവിൻ, അറിയിക്കുവിൻ! ഇതാ,

മുരാരിയുടെ ചക്രമെന്നതു നിന-
ച്ചു കൂസാതെയും,
ചിരാപഗതരാം പൃഥാതനയരെ-
ഗ്ഗണിക്കാതെയും,
ശരിക്കു പടവില്ലിണങ്ങിയ കര-
ക്കരും കാക്കായ്കയാൽ
ഹരിച്ചിതഭിമന്യുവെ;-സ്സപദി ല-
ജ്ജ പൂണ്ടിടുവിൻ! 1

എന്ന്,

(പിന്നെ ഭീഷ്മരും ദ്രോണരും പ്രവേശിക്കുന്നു.)

ദ്രോണർ:—സൂത, പറക, പറക.

ആരാ[illegible], ഹരിച്ചു യുദ്ധപടുവാ-
മെൻ ശിഷ്യദായാദനെ?-
ക്ഷ്മാരാടാൻ കൊതിയേവനുണ്ടിവിടെയെൻ-
ദിവ്യാസ്ത്രവൃന്ദങ്ങളായ്?

---

1. ചിരാപഗതർ=ഏറെക്കാലമായിട്ട് എങ്ങോട്ടോ പോയിരിക്കുന്നവർ. ഹരി[illegible]കൊണ്ടുപോയി.

Digitized By Kerala Sahitya Akademi

പേരററായവനേയുമസ്ത്രബലവും
ചൊല്ലീടുകെല്ലാം ഭവാൻ;
പോരും പത്രികളായ ദൂതരെ മറ-
യ്ക്കുന്നോട്ടയയ്ക്കട്ടെ ഞാൻ! 2

ഭീഷ്മർ:—സൂത, പറക, പറക:
തോററിട്ടൊഴിയ്ക്കലറിയാത്തവനെന്ന കേടാൽ
ഘോരത്തിളപ്പൊടു പുറം തിരിയാതെ നില്ക്കും,
ഇക്കൊച്ചു കുഞ്ജരനെയേതു ഗജപ്പിടുത്ത-
ക്കാരൻ പിടിച്ചിതി,ഹ കൂട്ടമകന്ന ലാക്കിൽ? 3

(അനന്തരം ദുര്യോധനനും കർണ്ണനും ശകുനിയും പ്രവേശിക്കുന്നു.)

ദുര്യോധനൻ:—സൂത, പറക, പറക: ആരാണ് അഭിമന്യുവിനെ കൊണ്ടുപോയത്? ഞാൻതന്നെ അവനെ വിട്ടുവിടുക്കാം. എന്തുകൊണ്ടെന്നാൽ,

ഇവനുടയ പിതാക്കന്മാരിൽ ഞാൻ വൈരിയല്ലോ;
ജനമിതിലതിനാലേ ദോഷമെന്നിൽച്ചുമത്തും;
ഇവനിൽ മമതയും മേ കൂട്ടമപ്പാർത്ഥരെക്കാ-
ളി;ഹ കുലകലഹത്തിൽക്കുട്ടികൾക്കെന്തു കുററം? 4

കർണ്ണൻ:—ഗാന്ധാരീനന്ദന, അതിസ്നേഹത്തിലും അനുരൂപനിലയിലുമാണ് അങ്ങു പറഞ്ഞത്. എന്നാൽ,

---

2. പോരുംപത്രികൾ (ദൂതരെ) . . . [illegible]

Digitized By Kerala Sahitya Akademi

ഓർക്കേണ്ട ബന്ധുനിലയോ ശിശുവെന്നതോ; നി-
ന്നിഷ്ടത്തിനല്ലി,യടർമുന്നിലനത്ഥമേററു?
നാം രക്ഷ നല്കിയതുമില്ലഭിമന്യുവിന്നു;
ചാപം കളഞ്ഞിനിയെടുക്കുക വല്ക്കലങ്ങൾ! 5

ശകുനി:—സൌഭദ്രനു രക്ഷിതാക്കന്മാർ വളരെയുണ്ടല്ലോ, വിടുതി കിട്ടിയതായിത്തന്നെ കരുതാം. എന്തുകൊണ്ടെന്നാൽ,

പാത്ഥൻതൻ മകനെന്നറിഞ്ഞു തനിയേ
കൈവിട്ടിടും കൃഷ്ണനെ-
പ്പേർത്തും സമരാങ്കണാവജിതനെ-
ബ്‌ഭൂപൻ വിരാടൻ വിടും;
ചീററത്താൽക്കരി വീശിടും മുസലിയെ-
പ്പേടിച്ചു വിട്ടെന്നുമാം;
ക്രൂരൻ മാരുതിയോ രിപുപ്രബലരെ-
ക്കൊന്നിട്ടു കൊണ്ടങ്ങുപോം. 6

ദ്രോണർ:—സൂത, പറക, പറക: എങ്ങിനെയാണ് പിടിയിൽപ്പെട്ടുപോയത്?

തേരെങ്ങാനും ചെരിഞ്ഞോ? കുതിര പതറിയോ?
ഭൂമി ചക്രത്തെ നിത്താൻ-
പോരെന്നായോ? കഴിഞ്ഞോ കണകൾ? പിഴനിന-
ക്കേററിതോ ഞാൺ മുറിഞ്ഞോ?

6. സമ........ജിതനെ=യുദ്ധക്കളത്തിൽനിന്നു പിടിച്ചുകൊണ്ടുപോകപ്പെട്ടവനെ. മുസലി=ബലഭദ്രൻ. രിപുപ്രവരരെ=ബലവാന്മാരായ വൈരികളെ.

Digitized By Kerala Sahitya Akademi

പോരിൽക്കേദേവമുണ്ടാം രഥികന്ന വിധിയാൽ;-
ശസ്ത്രശസ്ത്രങ്ങളേറവും
ഘോരമം വല്ലായ്മ;-യെന്നാലവനരിയ പയ-
ററിന്നു മേലാളിയല്ലോ. 7

സൂതൻ:—തിരുമേനി ധനുർവേദം പുരുഷാകൃതി പൂണ്ടതാണെന്ന് ഇവിടെയ്ക്കറിഞ്ഞുകൂടെയോ?

ഇതിൽ‌യുവാൻ ചൊല്ലിയ ദോഷമൊന്നുമി-
ല്ല,സംഖ്യബാണാനപിതനാ മഹാരഥൻ;
അലാതചക്രോപമമെൻെറ തേരെതി-
ത്തണഞ്ഞു കാലാളൊരുവൻ പിടിച്ചിതേ. 8

എല്ലാവരും:- കാലാളോ?

ദ്രോണർ:—എങ്ങിനെയുള്ളവനാണ് ആ കാലാൾ?

സൂതൻ:—രൂപമോ പരാക്രമമോ അടിയൻ പറയേണ്ടു?

ഭീഷ്മർ:—രൂപം സ്ത്രീകൾക്കു; പുരുഷന്മാർക്കു പരാക്രമമാണ്. അതിനാൽ അവൻെറ പരാക്രമം പറയുക.

സൂതൻ:—തിരുമേനി,—

ദുര്യോധനൻ:—

എന്തിനായ് നീ പുകഴ്ത്തുന്നു:
കേമമായിട്ടൊരുത്തനെ?
ചൊല്ലൂ, മേ ഭയമില്ലായാൾ
വായുവേഗാഢ്യനാകിലും. 9

---

7. രഥികൻ=തേരിലേറി പൊരുതുന്നവൻ.

8. അലാതചക്രോപമം=തീച്ചക്രംപോലെ തിരിയുന്നത്.

Digitized By Kerala Sahitya Akademi

സൂതൻ:—മഹാരാജാവു കേൾക്കണം. അയാളാകട്ടെ,

കുതിരകളെ ഋജുവമൊട്ട വ-
ന്നതിലംഘിച്ചഗ്രസീമ്നി കൈവെച്ചാൻ;
നിശ്ചലമായ് നിന്നു രഥം,
നീട്ടിയ വാജിക്കഴുത്തോടും! 10

ഭീഷ്മർ:—എന്നാൽ ആയുധം വെയ്ക്കാം.

എല്ലാവരും:—എന്തുകൊണ്ട്?

ഭീഷ്മർ:—

കൈവെച്ചു തേരിളകിടാതെ നിറുത്തിയെങ്കിൽ-
ബ്ഭീമൻെറ വാർമടിയിലാണവനെന്നുറയ്ക്കാം;
പണ്ടായവൻ ദ്രുപദജാഹരണത്തിൽ വെന്നു-
വല്ലോ ജയദ്രഥനെയാശു, പദാതിയായ്ത്താൻ. 11

ദ്രോണർ:—ഗാംഗേയൻ പറയുന്നതു ശരിയാണ്. കുട്ടിക്കാലത്തു പഠിപ്പിച്ചുതുടങ്ങിയതുമുതല്ക്കു് അവൻെറ ഗതിവേഗം എനിയ്ക്കറിയാം.

കളരിയിൽവെച്ച്,

ചെവിവരെയുമൊരമ്പവൻ വലിച്ചെ-
യ്യുളവു, ശിരസ്സു വിറച്ചതായുരച്ചേൻ;
ഉടനവനിഷുവൊന്നുപോയ്പ്പിടിച്ചാൻ
ശരമതു, ലാക്കു തൊടുന്നതിന്നു മുന്നേ. 12

---

10 വാജി=കുതിര

Digitized By Kerala Sahitya Akademi

ശകുനി:—അയ്യ, ചിരി വരും പറയുന്നതു കേട്ടാൽ! ഞാൻ ഇവിടുത്തോടൊന്നു ചോദിയ്ക്കട്ടെയോ?

ഇല്ലേ പാരിൽക്കരുത്തന്യ-
ന്നെ?-ല്ലാം ചെല്ലുന്നിതിഷ്ഷരിൽ!
എങ്ങും നിറഞ്ഞുകാണുന്നോ,
നിങ്ങളൊട്ടുക്ക പാർത്ഥരെ? 13

ഭീഷ്മർ:—ഗാന്ധാരരാജാവേ, എല്ലാം അനുമാനംകൊണ്ടു പറകയാണ്.

തേരേറി വില്ലമ്പുകളേന്തിയല്ല
പോരിന്നു പോകുന്നു,പരക്കെ നമ്മൾ;
രണ്ടാളും വെറുംകയ്യോടേക്കു ചെൽവോ-
രുണ്ടോ, പ്രലംബാരിവൃകോദരന്മാർ! 14

ശകുനി:—

ആരോ തനിയേ വന്നു
സാഹസപരരായ നമ്മളെസ്സഹസാ
ഉത്തരനാമവനേയും
ചിലരർജ്ജുനനെന്നുരച്ചേയ്ക്കാം! 15

ദ്രോണർ:—ഹേ ഗാന്ധാരരാജാവേ, ഇതിലും പോന്ന സംശയമുണ്ടോ?

---

12. ഇഷു=ശരം.

14. പ്രലംബാ.......രന്മാർ=ബലരാമനും ഭീമനും.

Digitized By Kerala Sahitya Akademi

ദൃഢമുത്തരന്നം വലിയ്ക്കുമോ വി-
ല്ലി,ടിവാളിൻെറയിരമ്പൽ ചേർത്തു പോരിൽ?
രവി,യുത്തരബാണരാജിയാലും
വെയിലററ്റൊട്ടിടയസ്തമിച്ചുപോമോ? 16

ഭീഷ്മർ:—ഗാന്ധാരീനന്ദന, വെളിവായിപ്പറയാം. അങ്ങയ്ക്കു മനസ്സിലായില്ലേ,

ബാണപുംഖാക്ഷരം ചേൎന്ന
ജ്ഞാൻനാവിൻ വചനങ്ങളാൽ?
വിൽ വലിച്ചതു പാൎത്ഥൻതാൻ;
ചെവി നല്കീലയോ ഭവാൻ? 17

സൂതൻ:—(പ്രവേശിച്ച്) തിരുമേനി വിജയിച്ചാലും! ഒരു ശാന്തികൎമ്മം കഴിയ്ക്കണം.

ഭീഷ്മർ:—എന്തിന്?

സൂതൻ:—

ഇതങ്ങു ചെയ്യാറുണ്ടല്ലോ
ധ്വജത്തെക്കണ തീണ്ടിയാൽ;
ഇതാ ആരുടെയോ ബാണം!
കടയ്ക്കൽക്കാണുമതുണ്ടു പേർ. 18

ഭീഷ്മർ:—കൊണ്ടുവരു.

---

17. ബാണപുംഖാക്ഷരങ്ങൾ=അമ്പിൻകടയ്ക്കലുള്ള അക്ഷരങ്ങൾ. ജ്ഞാണൊലികളെ വാക്കുകളായി കല്പിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

(സൂതൻ കൊണ്ടചെല്ലുന്നു.)

ഭീഷ്മർ:—(ചാഞ്ഞി നോക്കിയിട്ട്) ഉണ്ണീ, ഗാന്ധാരരാജാവെ, പ്രായാധിക്യത്താൽ എൻെറ കണ്ണിന്നു കാഴ്ച പോരാ. ഇതൊന്നു വായിയ്ക്കൂ.

ശകുനി:—(വായിച്ചിട്ട്) അൎജ്ജുനൻെറ. (എന്നു വലിച്ചെറിയുന്നു. അതു ദ്രോണരുടെ കാല്ക്കൽ വീഴുന്നു.)

ദ്രോണർ:—(ബാണമെടുത്തിട്ട്) ഉണ്ണി, വരൂ, വത്സ!

ഇതാ, ഭീഷ്മരെ വന്ദിപ്പാ-
നെൻ ശിഷ്യൻ വിട്ട സായകം;
എന്നെ ക്രമേണ വന്ദിപ്പാൻ
മന്നിൽ വീണിതു കാല്ക്കലായ്! 19

ശകുനി:—ശരംകൊണ്ടുള്ള ഊഹം ശരിയല്ല.

മേടനൎജ്ജുനനെന്നൊരുത്തനുണ്ടാം;
ദൃഢമീയമ്പവനെയ്തുവിട്ടതാവാം,
അഥവാ, തെളിവായ് വരുത്തിടേണം
ചിതമോടുത്തരനുള്ള കയ്യെഴുത്തും. 20

ദുര്യോധനൻ:—

അവൎക്കു രാജ്യം നല്കിപ്പാ-
നനൃതം ചൊല്‌വതാകിലോ!
ദൃഢം ധൎമ്മജനെക്കണ്ടാൽ
കൊടുക്കാം പാതി നാടു ഞാൻ. 21

---

21. അനൃതം=നുണ.

Digitized By Kerala Sahitya Akademi

ഭടൻ:—(പ്രവേശിച്ച്) മഹാരാജാവു ജയിച്ചാലും! വിരാടനഗരത്തിൽനിന്ന് ഒരു ദൂതൻ വന്നിരിയ്ക്കുന്നു.

ദുര്യ്യോധനൻ:—കൂട്ടിക്കൊണ്ടുവാ.

ഭടൻ:—മഹാരാജാവിന്റെ കല്പനപോലെ. (പോയി)

(പിന്നെ ഉത്തരൻ പ്രവേശിക്കുന്നു.)

ഉത്തരൻ:—

മററുള്ള തുരഗങ്ങളെപ്പുരുജവ-
ത്തിലോടിയ്ക്കിലും,
കററച്ച വഴി പോരുവാൻ മമ രഥം
വിളംബിച്ചുപോയ്;
കിരീടിശരകൃത്താം കരികളാൽ
നിരപ്പററതാം
ധരിത്രിയിൽ ഞെരുങ്ങിയാണഹഹ, പോ-
ന്നതെൻ വാജികൾ! 22

(അടുത്തു ചെന്നു തൊഴുത്) ആചാര്യ്യപിതാമഹാദികളായ എല്ലാ രാജാക്കന്മാരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

എല്ലാവരും:—ഉണ്ണി, ദീർഘായുസ്സായിരിയ്ക്കുക!

ദ്രോണർ:—അവിടുന്ന്, വിരാടേശ്വരൻ എന്താണ് പറഞ്ഞയച്ചിട്ടുള്ളത്?

ഉത്തരൻ:—അവിടുന്നല്ല എന്നെ അയച്ചത്.

22. വിളംബിച്ചു=താമസിച്ചു. കിരീടിശരകൃത്തർ=അർജ്ജുനന്റെ ശരങ്ങളാററ ഒരമ മുറിഞ്ഞവർ.

Digitized By Kerala Sahitya Akademi

ദ്രോണർ:—പിന്നെ ആരാണ് ഉണ്ണിയെ പറഞ്ഞയച്ചത്?
ഉത്തരൻ:—അത്രഭവാൻ യുധിഷ്ഠിരൻ.
ദ്രോണർ:—എന്താണ് ധർമ്മരാജൻ പറഞ്ഞയച്ചിട്ടുള്ളത്?
ഉത്തരൻ:—കേട്ടാലും:

ഉത്തരയെ സ്നുഷയായ് മേ
കിട്ടി; നൃപന്മാരെ ഞാൻ ക്ഷണിയ്ക്കുന്നു;
അവിടെത്താനോ, ഇങ്ങോ,
പരിണയമെവിടെയിൽവെച്ചു ചെയ്യേണ്ടു? 23

ശകുനി:—അവിടെത്തന്നെ, അവിടെത്തന്നെ.
ദ്രോണർ:—

ഏവം ഞാൻ വാർത്തയെത്തിച്ചേൻ;
തീർന്നിട്ടില്ലഞ്ചുരാത്രിയും;
ധർമ്മത്താലേററതാം ഭിക്ഷ
ധർമ്മത്താൽത്തന്നെനല്ക, മേ! 24

ദുര്യോധനൻ:—

ഓഹോ, രാജ്യമിതാ, നല്കി
മുന്മട്ടിൽപ്പാണ്ഡവർക്കു ഞാൻ:
ചത്താലും, മർത്ത്യരെപ്പോലും
സത്യം നില്ക്കുകിൽ നില്ക്കുമേ! 25

24. വാർത്ത=പാണ്ഡവന്മാരുടെ വർത്തമാനം.

Digitized By Kerala Sahitya Akademi

ദ്രോണർ:—

അഹോ, സന്തുഷ്ടർ നാമെല്ലാം
ഗൃഹച്ഛിദ്രം നശിയ്ക്കയാൽ!
ഇമ്മന്നൊക്കെബ്ഭരിയ്ക്കട്ടേ,
നമ്മാംതൻ നൃപപുംഗവൻ!

(എല്ലാവരും പോയി)

മൂന്നാമങ്കം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi